
# SAN THOM VOICE

Ramanathapuram Diocesan Bullettin

Vol. 9, 2018 APRIL, No. 4



Imprimatur
(Sd)
**Mar Paul Alappatt**

Bishop of Ramanathapuram

Chief Editor
**Fr. Bijo Palayil**
Mob: 8903219668
Associate Editor
**Fr. Kuriyakose Kallattil CMI**
Mob: 9482173518
Published by
**Fr. Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422- 4221795
Website :
www.dioceseoframanathapuram.org
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 150/-
Single Copy Rs. 20/-


## ഈ ലക്കത്തിൽ


| | |
|---|---|
| Pope Tweets | 02 |
| രൂപതാകാര്യാലയം | 03 |
| ഫിനാൻസ് ഓഫീസ് | 04 |
| Bishop's Engagements | 09 |
| From the Bishop's Diary | 09 |
| Mater Dei ICSE School | 10 |
| Directives that emerged from the conference of Priests' | 11 |
| പുരോഹിതൻ: സഭയെ പടുത്തുയർത്തുന്നവൻ | 13 |
| കുടുംബക്കൂട്ടായ്മാ പഠനവിഷയം | 21 |
| മൈനർ സെമിനാരി | 23 |
| മദർ തെരേസ പീസ് ഹോം | 23 |
| വിശ്വാസപരിശീലനം | 25 |
| ഫാമിലി അപ്പസ്തോലേറ്റ് | 26 |
| കുടുംബക്കൂട്ടായ്മ | 27 |
| നവീകരണമുന്നേറ്റം | 27 |
| സീറോമലബാർ മാതൃവേദി | 28 |
| കത്തോലിക്കാ കോൺഗ്രസ്സ് | 28 |
| എസ്.എം.വൈ.എം. | 29 |
| സാന്തോം ക്രിയേഷൻസ് | 29 |
| വൊക്കേഷൻ ബ്യൂറോ | 30 |
| എസ്.എം.ആർ.സി. | 33 |
| മെഡിക്കൽ ഫ്രട്ടേണിറ്റി | 33 |
| പാസ്റ്ററൽ കൗൺസിൽ | 36 |
| Snippets | 46 |


**Let us pray for the intentions of the Holy Father**

**Universal: For Those who have Responsibility in Economic Matters**
That economists may have the courage to reject any economy of exclusion and know how to open new paths.



# Pope Francis Tweets

**Pope Francis @ Pontifex Mar 13**

When we allow Jesus to enter our lives we discover the secret to keeping alive the flame of our spiritual life.

**Pope Francis @ Pontifex Mar 14**

If we encounter Jesus and our brothers and sisters every day, our hearts will not dwell in the past or the future. They will live in God's present moment, in peace with everyone.

**Pope Francis @ Pontifex Mar 15**

In order to prepare a truly human future, it is not enough to reject evil. We must build the common good together.

**Pope Francis @Pontifex Mar 16**

Lent is the road that leads from slavery to freedom, from suffering to joy, from death to life.

**Pope Francis@Pontifex Mar 17**

Jesus made Himself like the grain of wheat that falls to the ground and dies to give life. Our hope springs from that love-filled life.

**Pope Francis @Pontifex Mar 18**

As we listen to the aspirations of young people, may we catch a glimpse of the world that lies ahead, and of the roads the Church is called to travel.

**MATER DEI ICSE SCHOOL**
(Diocese of Ramanathapuram)

**6A, KPR LAYOUT, SINGANALLUR, CBE-15**

Pre-KG + LKG, UKG, Std. I - III ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403, 9442918812**

**MATER DEI ICSE SCHOOL**
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG, UKG & Std I - III

**For more details, contact : Mob :9489133403, 9442918812**

# രൂപതാകാര്യാലയം

**A. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**2018 ഏപ്രിൽ**

01 : ഉയിർപ്പു ഞായർ

: സീറോ മലബാർ സഭയുടെ 2-ാം മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമദിനം

02 : വി. ജോൺ പോൾ

06 ആദ്യ വെള്ളി

08 : പുതുഞായർ (White Sunday) - മാർത്തോമ്മാ ശ്ലീഹായ്ക്ക് ഉത്ഥിതനായ ഈശോയുടെ ദർശനം ലഭിച്ചതിന്റെ ഓർമ്മ

11 : രൂപതയുടെ 8-ാം വാർഷികം. പ്രത്യേകം പ്രാർത്ഥിക്കുക.

21-24: ദൈവവിളി ക്യാമ്പുകൾ (മൈനർ സെമിനാരി + കുനിയമുത്തൂർ സ്കൂൾ)

22 : ദൈവവിളിയ്ക്കുവേണ്ടിയുള്ള ലോക പ്രാർത്ഥനാദിനം

23-28: ദൈവവിളി വാരം + പ്രാർത്ഥന - ഉപവാസയജ്ഞം (കത്തീഡ്രലിൽ)

24 : വി. ഗീവർഗ്ഗീസ്, സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നാമഹേതുക തിരുന്നാൾ.

25 : വി. മർക്കോസ്

28 : സിയന്നായിലെ വി. കത്രീന, സഭാ വേദപാരംഗത

29 : മാർത്തോമ്മാശ്ലീഹായുടെ ശിഷ്യനായ മാർ അദ്ദായി

**B. Permissions/approvals granted:**

1. Nullity of marriage (ET 11/2017) granted to Philomina Mathew, d/o Mr. Kuriakose & Mrs. Thankamani, Muttath house from St. Clotilda's parish, Podanur in this eparchy and Arokya Selvakumar, s/o Dharmaraj of Sivagangai (Order No. 35/18 dated 20-2-2018)
2. Approval granted to the annual therattu of St. Joseph's church, Kaundampalayam for the year 2016-'17 (Order No. 36/18 dated 20-2-2018)

**Mgr. George Narikuzhi**
Syncellus



# EPARCHIAL FINANCE OFFICE

**A. വാർഷിക ഓഡിറ്റിംഗ്**

2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ വേഗത്തിൽ തയ്യാറാക്കി Internal Audit നടത്തി, C.A. ഓഡിറ്റിംഗ് നടത്തുന്നതിനായി 2018 ഏപ്രിൽ 30ന് മുമ്പായി താഴെക്കൊടുത്തിട്ടുള്ളവ രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

1. Day Book, 2. Leadger, 3. Receipt & Payment A/c. Statement, 4. Denomination Book (with signature of Vicar & Kaikarans), 5. Receipt Books, 6. Vouchers & Bills, 7. Orginal Fixed Deposit Receipts with one photo copy, 8. Bank Pass book, 9. Bank A/c. Balance confirmation as on 31/3/2018, 10. Copy of last year's audited financial statement. കൊണ്ടുവരുന്ന രേഖകളുടെ ഒരു ലിസ്റ്റും ഇതോടൊപ്പം കൊണ്ടുവരേണ്ടതാണ്. ഇതോടൊപ്പം ഇടവകകളിലെ യൂണിറ്റുകളുടെയും ഭക്തസംഘടനകളുടെയും വരവു ചിലവു കണക്കുകളും കൊണ്ടുവരണം. ഇതിനാവശ്യമായ forms രൂപതാ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്.

**B. വാർഷിക തെരട്ട്**

2017-18 സാമ്പത്തിക വർഷത്തെ തെരട്ട് രൂപതാ ഓഫീസിൽ സമർപ്പിക്കുന്നതിന്റെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. നിശ്ചിത ദിവസം തന്നെ തെരട്ട് സമർപ്പിക്കുമല്ലോ.

| Sl. No. | Name & Place | Date | Time |
|---|---|---|---|
| 1. | Holy Trinity Cathedral, Ramanathapuram | 18-06-2018 | 10.00am |
| 2. | St. Joseph's Mission Sitra | 18-06-2018 | 11.00am |
| 3. | Migrants' Mission Sowripalayam&KarunyaMathaSiruvani | 18-06-2018 | 11.30pm |
| 4. | Trinity Matric. Hr. Sec. School and Trinity Educational Society | 18-06-2018 | 12.00pm |
| 5. | St. Thomas Sulur Aero | 18-06-2018 | 02.00pm |
| 6. | Eparchial Holy Childhood | 18-06-2018 | 02.30pm |
| 7. | St. Alphonsa Church Palladam | 18-06-2018 | 03.00pm |
| 8. | Eparchial CML | 18-06-2018 | 03.30pm |
| 9. | Eparchial SMYM | 18-06-2018 | 04.00pm |
| 10. | St. Sebastian's Church Ukkadam | 19-06-2018 | 09.30am |
| 11. | St. Clotilda's Church Podanur | 19-06-2018 | 10.00am |
| 12. | St. Clotilda's Nursery School, Podanur | 19-06-2018 | 10.30am |
| 13. | St. Mark's Church Kuniamuthur | 19-06-2018 | 11.00am |
| 14. | Punnassery Nestle, Ettimadai | 19-06-2018 | 11.30am |
| 15. | Eparchial Family Apostolate | 19-06-2018 | 11.45am |
| 16. | St. Jude's Church Dharapuram | 19-06-2018 | 12.15pm |
| 17. | St. Paul's Church Pollachi | 19-06-2018 | 02.00pm |
| 18. | St. Elizabeth Church Suleswarampatty | 19-06-2018 | 02.30pm |
| 19. | Arogiamatha Church Pollachi | 19-06-2018 | 03.00pm |
| 20. | St. Luke's Church Valparai | 19-06-2018 | 03.30pm |
| 21. | Lourdes Forane Church Gandhipuram | 20-06-2018 | 09.30am |
| 22. | Holy Family Church Ganapathy | 20-06-2018 | 10.00am |
| 23. | Eparchial Charismatic Movement | 20-06-2018 | 10.30am |

| | | | |
|---|---|---|---|
| 24. | Infant Jesus Church Edayapalayam | 20-06-2018 | 11.00am |
| 25. | St. John Paul Mission Perianaickenpalayam | 20-06-2018 | 11.30am |
| 26. | St. Sebastian's Church Udumalpett | 20-06-2018 | 12.00pm |
| 27. | St. Joseph's Church Kavundampalayam | 20-06-2018 | 02.00pm |
| 28. | St. Antony's Church Viswasapuram | 20-06-2018 | 02.30pm |
| 29. | Good Shepherd Church Karamadai | 20-06-2018 | 03.00pm |
| 30. | St. Joseph's Church R S Puram | 20-06-2018 | 03.30pm |
| 31. | Mother Theresa Mission Vadavally and Eparchial Mathrusangham | 20-06-2018 | 04.00pm |
| 32. | Little Flower Church Sai Baba Colony | 21-06-2018 | 10.00am |
| 33. | LourdeMathaForane Church Erode | 21-06-2018 | 10.30am |
| 34. | LourdeMatha Play School Erode | 21-06-2018 | 11.00am |
| 35. | St. Antony's Church Sasthri Nagar Erode | 21-06-2018 | 11.30am |
| 36. | Eparchial Catechism Department | 21-06-2018 | 12.00pm |
| 37. | Eparchial Bible Apostolate | 21-06-2018 | 12.30pm |
| 38. | St. Mary's Minor Seminary Vadakkukadu | 21-06-2018 | 02.00pm |
| 39. | Eparchial Vocation Bureau | 21-06-2018 | 02.30pm |
| 40. | Eparchial Altar Boys Association | 21-06-2018 | 03.00pm |
| 41. | Mount Carmel Church Tirupur | 21-06-2018 | 03.15pm |
| 42. | Mother Theresa Peace Home Vanjipalayam | 21-06-2018 | 03.45pm |
| 43. | Santhome Creations / Santhom Charities | 21-06-2018 | 04.15pm |
| 44. | St. Antony's Church Kangayam | 21-06-2018 | 04.45pm |
| 45. | Eparchial Co-ordination Committee | 22-06-2018 | 09.30am |
| 46. | JeevanJyothi Centre Chinnathottipalayam | 22-06-2018 | 10.00am |
| 47. | St. Joseph's School, Jadayampalayam | 22-06-2018 | 10.30am |
| 48. | Mater Dei School and St. Joseph Educational Society | 22-06-2018 | 11.00am |
| 49. | St. Mary's Mission Annur | 22-06-2018 | 11.30am |
| 50. | St. Antony's mission , Chennimalai | 22-06-2018 | 12.00pm |
| 51. | St. Antony Mission , Karur | 22-06-2018 | 12.30pm |
| 52. | St. Joseph's Church Mettupalayam | 22-06-2018 | 02.15pm |
| 53. | St. Joseph's Nursery & Primary School, Mettupalayam | 22-06-2018 | 02.45pm |
| 54. | Eparchial Pithruvedi | 22-06-2018 | 03.15pm |
| 55 | Social Service Society | 22-06-2018 | 03.45pm |
| 56 | Deepthi Centre Theramplayam | 22-06-2018 | 04.15pm |

## C. Contributions

### a. Seminary Burse

1. Mr.Raju Benny, ThatharathailPonmani House, Gandhipuram
2. Mr.Joseph C.A. No :40/B, Mani Nagar, Mettpalayam, Cbe.
3. ArokiamathaMat.Hr.Sec.School, Pollachi , Cbe.
4. Mr.A.J.Kurian, Ancheril House, R.S.Puram. Cbe

### b. Bishop's House Construction Fund

| | | |
|---|---|---|
| 1. | Syro Malabar Mathruvedhi, C/oSt.Joseph church,Mettupalayam | 5000/- |
| 2. | Avila Mat.Hr.Sec.School – Venkitapuram , Coimbatore | 25000/- |

### c. Pastoral Centre

| | | |
|---|---|---|
| 1. | Mr. Zion Chemmanoor, ThiruvalluvarNagar , Ramanathapuram | 25000/- |
| 2. | St.Joseph's Nursery & Primary School – Mettupalayam, Cbe | 100000/- |
| 3. | Mr.StanlyRajkumar ,37/7 E, Bazar Villa , Mettupalayam | 25000/- |
| 4. | Mr.V.Sebastian ,Chiriyankantathu House , Mettupalayam | 500/- |
| 5. | Mr.C.A.Poulson ,Chathely House , Mettupalayam | 10000/- |

**D. The Churches ,Institutions & Associations which have not yet submitted Annual Therattu of the year 2016-2017 for Approval**

1. Karunya Matha Mission ,Siruvani
2. Eparchial Pithruvedhi

**E. 13th Month Allowance for Priest Welfare Fund from the Religious House**

| | | |
|---|---|---|
| 1. | Infant Jesus Convent, Palladam | 1900/- |
| 2. | Mercy Convent ,Kangayam | 3900/- |
| 3. | AntoBhavan ,Karur,Manavadi | 1000/- |
| 4. | Little Flower Convent,Kumarapuram | 1000/- |
| 5. | Zion Ashram ,Selvapuram | 1000/- |
| 6. | Holy Family Bhavan ,Sulur | 1600/- |

**F. MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES(Receipts until 15th February - 2018)**

| S.No | Name of Parish / Religious | Place | No.of Covers | Amount in Rupees |
|---|---|---|---|---|
| 1 | Holy Trinity Cathedral | Ramanathapuram | 125 | 137500/- |
| 2 | Good Shepherd Church | Karamadai | 52 | 9700/- |
| 3 | St. Antony's Church | Kangayam | 10 | 10350/- |
| 4 | St. Antony's church | Viswasapuram | 80 | 15900/- |
| 5 | St. Jude church | Dharapuram | 6 | 5800/- |
| 6 | LourdsForane church | Gandhipuram | 202 | 122100/- |
| 7 | Holy Family Mission Centre | Ganapathy | 101 | 64750/- |
| 8 | St. Thomas church | Sulur | 14 | 12050/- |
| 9 | St. Mary's Mission Centre | Annur | 10 | 9000/- |
| 10 | St. joseph church | R.S.Puram | 81 | 33500/- |
| 11 | St. Antony's Mission Centre | Chennimala | 6 | 3000/- |
| 12 | St. Mark's church | Kuniamuthur | 140 | 93950/- |
| 13 | St. Joseph church | Mettupalayam | 59 | 24200/- |
| 14 | Little Flower Church | Saibaba Colony | 125 | 68350/- |
| 15 | St. Sebastian Church | Ukkadam | 47 | 19850/- |
| 16 | St. Paul church | Pollachi | 35 | 14100/- |
| 17 | St. Elizabath church | Suleswarampetty | 31 | 8850/- |
| 18 | St. John paul Mission Centre | Perinaikampalayam | 30 | 16650/- |
| 19 | St. Antony church | Sastrinager | 22 | 11260/- |
| 20 | LourdeMathaForane church | Erode | 53 | 56300/- |
| 21 | St. Alphonsa church | Palladam | 14 | 10400/- |
| 22 | Infant Jesus Church | Edayapalayam | 132 | 66401/- |
| 23 | St. Luke church | Valparai | 50 | 42550/- |
| 24 | St. Clotilda church | Podanur | 116 | 65235/- |
| 25 | St. Sebastian church | Udumalpet | 15 | 17750/- |
| 26 | Mount Carmal church | Tirupur | 85 | 49400/- |
| 27 | St. John paul Mission Centre | Perinaikampalayam | | 25000/- |
| 1 | Holy Family Bhavan CHF | Sulur | 1 | 2000/- |

| S.No | Name of Parish / Religious | Place | No.of Covers | Amount in Rupees |
|---|---|---|---|---|
| 1 | Holy Family Bhavan CHF | Sulur | 1 | 2000/- |
| 2 | VimalJyothi Convent | Saravanampetty | 1 | 3320/- |
| 3 | Holy Family Convent | Ukkadam | 1 | 3000/- |
| 4 | Holy Family Convent | Mahalingapuram | 1 | 2500/- |
| 5 | St. George Convent | Ramanathapuram | 1 | 13200/- |
| 6 | Mercy FC Convent | Kangayam | 1 | 4200/- |
| 7 | Karunya FC Convent | Valparai | 1 | 1500/- |
| 8 | CristhuJyothi FC Convent | Erode | 1 | 8000/- |
| 9 | Annai Mary FC Convent | Erode | 1 | 2100/- |
| 10 | JyothiBhavan FC Convent | Erode | 1 | 2000/- |
| 11 | NazarathBhavan CSE | Bomanapalayam | 1 | 4000/- |
| 12 | St. Mary's Matric. Hr. Sec. school | Annur | 1 | 10000/- |
| 13 | Clare Illam FC Convent | Thottipalayam | 1 | 430/- |
| 14 | Little Flower Mission Centre | Maruthamalai | 1 | 5000/- |
| 15 | Vimala FC Convent | Chennimala | 1 | 2350/- |
| 16 | LourdeMatha Convent | Udumalpett | 1 | 4000/- |
| 17 | St. Antony Convent | Karur | 1 | 2024/- |
| 18 | San jose Convent | Mettupalayam | 1 | 5000/- |
| 19 | Little Flower Convent | Kumarapuram | 1 | 1700/- |
| 20 | Avila Convent | Coimbatore | 1 | 10000/- |
| 21 | Assisi Convent ASMI | Coimbatore | 1 | 1000/- |
| 22 | Little Flower monastery | Saibabacolony | 1 | 5000/- |
| 23 | Mary Rani Convent | Gandhipuram | 1 | 2500/- |
| 24 | Infant Jesus Convent | Palladam | 1 | 4500/- |
| 25 | Arokiamatha Convent | Pollachi | 1 | 5000/- |
| 26 | Good Shepherd Convent | Karamadai | 1 | 2700/- |
| 27 | Sisters of Nazarath Convent | Edayapalayam | 1 | 2500/- |
| 28 | AmaithyIllam Convent | Poomarket | 1 | 2000/- |
| 29 | Nirmalamatha Convent | Kuniyamuthur | 1 | 5000/- |
| 30 | Infant Jesus Convent | Perinaikampalayam | 1 | 2200/- |
| 31 | ViswadeepthyMonastory | Pollachi | 1 | 3000/- |
| 32 | Carmal Convent | Viswasapuram | 1 | 3500/- |
| 33 | St. Annes Convent | Jadayampalayam | 1 | 1000/- |
| 34 | Karunnymatha Convent | Podanur | 1 | 5000/- |
| 35 | St. Joseph Aged Home | Podanur | 1 | 5000/- |
| 36 | Zion Ashram | Selvapuram | 1 | 1000/- |
| 37 | Nirmalamatha adoration Convent | Erode | 1 | 2000/- |
| 38 | Little Flower Convent | Tirupur | 1 | 3300/- |

**ഫാ. ജോസ് കന്നുംകുഴി**
ഫിനാൻസ് ഓഫീസർ

**ഫാ. ജോസഫ് ആലപ്പാടൻ**
അസി. ഫിനാൻസ് ഓഫീസർ

## SPECIAL COLLECTION

| No. | Special Collection | Mission Sunday | Family Apostulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M.Mission Sunday | S.M.Church Day | Justice Sunday | Holy Child Hood | Santhom Voice | C.M.L. | Social Service | Carismatic | Catechism | 13 th Month | Maunday Thursday | Lenten Campaign | Good Friday -2016 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Dharapuram | 1000 | 50 | 50 | 50 | 50 | 50 | 50 | 100 | 50 | 50 | 50 | 250 | 50 | 50 | 50 | 50 | | | | |
| 2 | Edayapalayam | | | 2580 | 500 | 2328 | 500 | 2200 | 2246 | | 2171 | 2311 | 250 | 1314 | | | 2600 | | | | |
| 3 | Erode | | | | | | | | | | | | | | | | | | | | |
| 4 | Gandhipuram | 22750 | 1000 | 500 | 500 | 1000 | 500 | 500 | 10374 | 3500 | 500 | 1000 | | 1000 | 5000 | 500 | | | | | |
| 5 | Kangayam | | | | | | | | | | | | | | | | | | | | |
| 6 | Karamadai | 5500 | | | | | | | | | | | | | | | | | | | |
| 7 | Karur | | | | | | | | | | | | | | | | | | | | |
| 8 | Kavundampalayam | | | | | | | | | | | | | | | | | | | | |
| 9 | Kuniamuthur | 15000 | 500 | 500 | 300 | 500 | 500 | 750 | 12920 | 1000 | 300 | 300 | 250 | 300 | 1000 | 300 | 500 | | | | |
| 10 | Mettupalayam | 30000 | 300 | 300 | 300 | 1000 | 300 | 500 | 10000 | 600 | 300 | 300 | 250 | 300 | 1000 | 300 | 500 | 7500 | | | |
| 11 | Palladam | 2000 | 100 | 100 | 100 | 100 | 100 | 100 | 150 | 100 | 100 | 100 | 250 | 100 | 200 | 300 | 100 | | | | |
| 12 | Viswasapuram | | | | | | | | | | | | | | | | | | | | |
| 13 | Podanur | | | | | | | | | | | | | | | | | | | | |
| 14 | Pollachi | 17000 | 250 | 250 | 250 | 250 | 250 | 250 | 2500 | 650 | 200 | 200 | 250 | 200 | 250 | 200 | 250 | 7500 | | | |
| 15 | Ganapathy | 11260 | 250 | 250 | 250 | 250 | 250 | 500 | 5000 | 3000 | 250 | 250 | 250 | 250 | 1000 | 250 | 500 | | | | |
| 16 | R.S.Puram | 8750 | | | | | | | 780 | | | | | | | | | | | | |
| 17 | Ramanathapuram | | | | | | | | | | | | | | | | | | | | |
| 18 | Saibaba Colony | 50300 | 500 | 300 | 300 | 500 | 4800 | 300 | 5150 | 5550 | 300 | 300 | 250 | 300 | 1000 | 300 | 500 | | | | |
| 19 | Sasthrinagar | 7000 | 100 | 100 | 100 | 100 | 100 | 100 | 200 | 200 | 100 | 100 | 250 | 100 | 100 | 100 | 100 | | | | |
| 20 | Suleswaranpatty | 7000 | 100 | 100 | 100 | 100 | 100 | 100 | 750 | 400 | 100 | 100 | 250 | 100 | 100 | 100 | 100 | 1300 | | | |
| 21 | Sulur Aero | | | | | | | | | | | | | | | | | | | | |
| 22 | Tirupur | | | | | | | | | | | | | | | | | | | | |
| 23 | Udumalpet | 5000 | 200 | 350 | 150 | 100 | 200 | 200 | 2500 | 300 | 100 | 100 | 250 | 100 | 200 | 100 | 100 | 7500 | | | |
| 24 | Ukkadam | 15000 | 100 | 100 | 100 | 100 | 100 | 100 | 500 | 600 | 100 | 100 | 250 | 100 | 100 | 100 | 250 | 7500 | | | |
| 25 | Valparai | 6000 | 750 | 750 | 500 | 500 | 600 | 700 | 2000 | 2000 | 500 | 1500 | 250 | 600 | 700 | 500 | 650 | 7500 | | | |
| 26 | Chennimalai | 5650 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | | | | |
| 27 | Chinnathottipalayam | | | | | | | | | | | | | | | | | | | | |
| 28 | Annur | 5000 | | | | | | | | | | | | | | | | | | | |
| 29 | Perinaickenpalayam | | | | | | | | | | | | | | | | | | | | |
| 30 | SITRASt.Joseph | | | | | | | | | | | | | | | | | | | | |
| 31 | Arokiamatha,Pollachi | | | | | | | | | | | | | | | | | | | | |
| 32 | MinorSeminary | 17000 | | | | | | | | | | | | | | | | | | | |
| 33 | Salem | | | | | | | | | | | | | | | | | | | | |
| 34 | Trichy | | | | | | | | | | | | | | | | | | | | |

# BISHOP'S Engagements



## April 2018

01 : Easter Vigil ceremonies at Ramanathapuram Cathedral

03 : Thanksgiving Holy Mass, CHF Ukkadam

05 : Episcopal Ordination, Idukki

06 : Holy Mass & Message, Brahmakulam

07 : Anniversary celebration, Deepika, Coimbatore

08 : Holy Communion, C/o Opraem. Bangalore

09 : Marriage Blessing, Kottekad

11 : Marriage Blessing, Porathur

14 : Jubilee, CMI, Shornur school

15 : Resource team class, Gandhipuram

21-24 : Vocation camps (Minor seminary & Kuniamuthur school)

22 : Marriage blessing, Manalur East

23-28 : Vocation Week, Prayer & Fasting program, Ramanathapuram

30 : Marriage blessing, Vasupuram, Irinjalakuda




**മാർച്ച് 2018**

**04** : മേഖലാടിസ്ഥാനത്തിലുള്ള ദമ്പതി സെമിനാറിനോടനുബന്ധിച്ച് ഗാന്ധിപുരം ഫൊറോന പള്ളിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

: ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

**06** : ഈറോഡ് ഫൊറോന പള്ളിയിൽ വച്ചുനടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു, വൈദിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

: നാമക്കൽ ജില്ലയിലെ പള്ളിപാളയത്തെ സീറോമലബാർ കുടുംബങ്ങളെ ഒരുമിച്ചുകൂട്ടി സംസാരിച്ചു.

10 : SCEIT ന്റെ മീറ്റിങ്ങിലും വൈദികസമിതിയിലും പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിലും അദ്ധ്യക്ഷത വഹിച്ചു.

13 : ആവില കോൺവെന്റ് സ്കൂൾ ജൂബിലി മെമ്മോറിയൽ ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

17 : ഡിണ്ടിഗലിലെ സീറോമലബാർ കുടുംബങ്ങളെ ഒരുമിച്ചുകൂട്ടി സംസാരിച്ചു.

18 : കൊടൈക്കനാലിൽ ദിവ്യബലിയർപ്പിച്ചു, അവിടെയുള്ള സീറോമലബാർ കുടുംബങ്ങളെ ഒരുമിച്ചുകൂട്ടി സംസാരിച്ചു.

22 : വടക്കുകാട് മൈനർ സെമിനാരിയിൽ ശെമ്മാശന്മാരുടെ പട്ട സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു.

: മുല്ലൂർക്കര പള്ളിയിൽ ദിവ്യബലിയർപ്പിച്ചു, ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

25 : രാമനാഥപുരം കത്തീഡ്രലിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി, ദിവ്യബലിയർപ്പിച്ചു.

: രാമനാഥപുരം കത്തീഡ്രലിൽ വൈദിക വിശുദ്ധീകരണദിന ധ്യാനത്തിലും അതിനുശേഷം നടന്ന മൂറോൻ വെഞ്ചിരിപ്പിലും വി. കുർബാനയിലും കാർമ്മികത്വം വഹിച്ചു.

29 : രാമനാഥപുരം കത്തീഡ്രലിൽ പെസഹാ വ്യാഴം തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി, വി. ബലിയർപ്പിച്ചു.


# Mater Dei ICSE School

**L & T BY-PASS ROAD, PATTANAM, COIMBATORE-641016**

A Catholic co-education Institution run by the Diocese of Ramanathapuram, coming up by the side of L&T by-pass road, Pattanam, easily accessible from the main road.

An upcoming and inspiring school of excellence with individual attention and personal care for children, coupled with character development and spiritual enlightening, modern infrastructural facilities, trained and experienced teachers, latest academic curricula and extracurricular activities for physical and mental fitness. Exuberant atmosphere and environment. Admit your child today. Classes from PRE-KG TO GRADE III. CONTACT: 9489133403, 9442918812

**Fr. Jose Kannumkuzhy**
Correspondent

**Mrs. Teresa George**
Principal

# DIRECTIVES THAT EMERGED FROM THE CONFERENCE OF PRIESTS HELD AT ERODE (06-3-2018)

1. All were requested to motivate the faithful for responding generously to **the Maundy Thursday collection which is meant for the seminary** formation of the eparchy. Please entrust the collection in the Eparchial Finance office before 15$^{th}$ April 2018
2. Similarly, **the collection taken on Good Friday is to be sent for the preservation of the Holy Land**. Therefore that offering is to be entrusted in the Eparchial Finance office before 15$^{th}$ April, 2018.
3. The cooperation of all was requested **for the success and good result of the Vocation Week observance and Vocation camps which are scheduled to be held from 21$^{st}$ to 28$^{th}$ April, 2018**
4. All were again requested **to take initiative for finding out our faithful in the extended area of our eparchy and suggest and find out ways and means for arrangement of the necessary facilities** for their pastoral care and evangelization.
5. Reminder was given about the forthcoming meetings of **the presbyteral council and Pastoral council scheduled to be held on Saturday, 10$^{th}$ March at 11.00 am and 2.00 pm** respectively. Since the subject of discussion in the Pastoral council is regarding "the extended territory of the eparchy: Its Possibilities and Challenges", all were exhorted to study the leaflet sent to the churches, religious houses and institutions more seriously and participate very effectively in the discussion during the meeting on 10$^{th}$ without fail.
6. All were requested **to organize summer programs for youth and children during the next summer vacation** by making use of the service of our seminarians and other competent and talented teams **with focus on youth and media**.

7. All were requested to be present for **the "Priests' Sanctification day" on 26th March 2018** along with the Religious superiors, seminary Theology brothers (both eparchial and religious), kaikars and Pastoral council members.
8. All were requested to implement as soon as possible **the ten proposals of the last Major Archiepiscopal Assembly**, sent to every priest individually and published in Santhom Voice".
9. Information was given regarding **the Orientation program on the "CBCI Education Policy"** arranged for all the Catholic teachers who do ministry in the educational institutions within the eparchy.
10. **The "new Thirukarmadharmavivaram" of the eparchy will come into effect on 01st April 2018**. Its copies will be available at Santhom Bookstall, Gandhipuam from 15th March onwards.
11. Reminder was given regarding the constitution of the Eparchial Single Tribunal and the need of approaching this tribunal for all the ecclesiastical cases of first instance in the eparchy, instead of going to the Eparchial tribunal of Palghat.
12. The Catechism director informed about **the scholastic exam** scheduled to be held on 11-3-2018.
13. Eparchial Catechism director put forward the proposal of conducting the inauguration of the catechetical year in three forane churches on 03-6-2018, instead of bringing all to the single centre at Ramanathapuram. After discussion it was finally decided **to organize inauguration program in the forane level and accordingly the next year (03-6-2018) it will be organized in three forane churches.**
14. Catechism director informed about the plan of the Catechetical centre to conduct **musical Organ coaching** to those who want it.
15. He also informed that only those who get **90% in the Logos quiz** will be allowed to go to State level competition.
16. Eparchial Asst. Finance officer Fr. Joseph Alappadan

reminded all to bring all the documents necessary for the annual auditing to the Finance office before 30th April.

Mar Paul Alappatt
Bishop of Ramanathapuram

Fr. Joseph Puthur
Secretary

---

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**
**മല്പാൻ മാത്യു വെള്ളാനിക്കൽ**

# പുരോഹിതൻ: സഭയെ പടുത്തുയർത്തുന്നവൻ
## (തിരുവചനഭാഗം: ശ്ലീഹ 2,1–47)

പുരോഹിതൻ സഭാസമൂഹത്തെ പടുത്തുയർത്തേണ്ടവനാണ്. പുരോഹിതരുടെ ശുശ്രൂഷയെക്കുറിച്ചുംജീവിതത്തെക്കുറിച്ചും പറയുന്ന കൗൺസിൽ ഡിക്രിയിൽ "ദൈവത്തിന്റെ കുടുംബത്തെ ഐക്യത്തിന്റെ അരൂപിയുള്ള സാഹോദര്യത്തിൽ കെട്ടിപ്പടുക്കുവാനും, മിശിഹായിൽ അരൂപിയിലൂടെ പിതാവായ ദൈവത്തിലേക്കു നയിക്കുവാനും പുരോഹിതനു കഴിയണം" (PO 6) എന്നു പറയുന്നുണ്ട്. പന്തക്കുസ്താദിവസം ആദിമസഭ ജന്മംകൊള്ളുകയും അതിന്റെ തനിമയിൽ ജീവിക്കുകയും ചെയ്യുന്ന വിവരണങ്ങളാണ് ശ്ലീഹ 2-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പുരോഹിതൻ കെട്ടിപ്പടുക്കേണ്ട സഭാസമൂഹം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കുന്ന ഒരു അദ്ധ്യായമാണ് ഇത്. ഈ അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. പരിശുദ്ധാത്മാവിന്റെ ആഗമനം (2,1–13)
2. പത്രോസിന്റെ പ്രസംഗം: ഒന്നാം ഭാഗം – അരൂപിയെക്കുറിച്ച് (2,14–21)
3. പത്രോസിന്റെ പ്രസംഗം: രണ്ടാം ഭാഗം – മിശിഹായെക്കുറിച്ച് (2,22–36)
4. ആദിമസഭ ജന്മംകൊള്ളുന്നു (2,37–41)
5. ആദിമസഭയുടെ രൂപരേഖ (2,42–47)

### 1. പുരോഹിതൻ: അരൂപിയിൽ നവീകരിക്കപ്പെടേണ്ടവൻ

*"പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്ന് ഉണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾപോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി"* (2,1–4).

സഭയെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടവരുടെ സമൂഹമായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. പന്തക്കുസ്താദിവസമാണ്

ഇതു സംഭവിക്കുന്നത്. പന്തക്കുസ്താദിവസം ഇസ്രായേലിന് കർത്താവ് പ്രമാണങ്ങൾ നല്കിയ ദിവസമായിട്ട് അറിയപ്പെട്ടിരുന്നു (നിയ 16,9-12). ദൈവവുമായുള്ള ദൈവജനത്തിന്റെ ഉടമ്പടിബ ന്ധത്തെ അനുസ്മരിക്കുന്ന പന്തക്കുസ്താദിനമാണ് പുതിയ ദൈവജ നമായ സഭയുടെയും ജന്മദിനം. കാറ്റും അഗ്നിയും ദൈവസാന്നിദ്ധ്യ ത്തിന്റെ പ്രതീകങ്ങളാണ്. “അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു”. ഈശോ വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മസ്നാനം (ശ്ലീഹ 1,5; ലൂക്കാ 24,49) സഭാംഗങ്ങൾക്കു മുഴുവനും ലഭിക്കുന്നു. “ആകാശത്തിൻ കീഴുള്ള സകല ജനപദങ്ങളെയും” (നട 2,5) പ്രതിനിധീകരിക്കുന്ന ഒരു സമൂഹം അവരവരുടെ ഭാഷകളിൽ സുവിശേഷം ശ്രവിക്കുന്നതാ യിട്ടും പറയുന്നുണ്ട് (2,6-12). ശ്ലീഹ 1,8 ലും ലൂക്കാ 24,47-48 ലും പറ ഞ്ഞിരിക്കുന്നതുപോലെ സാർവത്രികമായ സുവിശേഷപ്രഘോഷണ സമൂഹമായിട്ടുമാണ് സഭ ജന്മംകൊള്ളുന്നത്. സഭാസമൂഹം അടി സ്ഥാനപരമായി പരിശുദ്ധാത്മസ്നാനം സ്വീകരിച്ചവരുടെയും സാർവ ത്രികസുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കുന്നവരുടെയും സമൂഹമാണെന്ന് ഇതു വ്യക്തമാക്കുന്നു.

ജലത്താലും പരിശുദ്ധാത്മാവിലും സ്നാനം സ്വീകരിക്കുന്നവ രുടെ സമൂഹമാണ് സഭ. കൂദാശാപരമായി സ്വീകരിക്കുന്ന പരിശുദ്ധാ ത്മസ്നാനാനുഭവം നവീകരിക്കപ്പെടേണ്ട ഒന്നാണ്. പ്രത്യേകിച്ച്, ശിശുസ്നാനം സ്വീകാര്യമായിരിക്കുന്ന പശ്ചാത്തലത്തിൽ ഇതു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ക്രമമായ കൂദാശാസ്വീകരണ ത്തിലൂടെയും കൂദാശാജീവിതത്തിലൂടെയുമാണ് പരിശുദ്ധാത്മ സ്നാന നവീകരണം സംഭവിക്കുക. കൂദാശാസ്വീകരണമെന്നു പറയു മ്പോൾ കൂദാശാസ്വീകരണത്തിൽ പ്രാർത്ഥനാനുഭവത്തിനുള്ള പ്രസക്തി പ്രാധാന്യമർഹിക്കുന്നതാണ്. ഏകമനസ്സോടെ പ്രാർത്ഥന യിൽ മുഴുകിയിരുന്ന സഭാസമൂഹത്തിലാണ് പരിശുദ്ധാത്മസ്നാനം സംഭവിച്ചത് (1,14). അതുകൊണ്ട് കൂദാശാസ്വീകരണത്തോടനുബ ന്ധിച്ചുള്ള പ്രാർത്ഥനാനുഭവത്തിൽ വളരുന്നതിലൂടെയാണ് പരിശു ദ്ധാത്മാഭിഷേകത്തിലുള്ള നവീകരണത്തിലും വളർച്ചയുണ്ടാകുന്നത്. പ്രാർത്ഥന ‘അരൂപിയോടുള്ള തുറവി’യാണെന്ന് പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 8,26-27). അതുകൊണ്ട് ഹൃദയൈ ക്യത്തോടെയുള്ള പ്രാർത്ഥനാനുഭവം ഉൾക്കൊണ്ടുകൊണ്ട് സഭ യുടെ കൂദാശാസ്വീകരണം നടത്തിയും കൂദാശാജീവിതം നയിച്ചും അരൂപിയിൽ നാം നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. സഭാസമൂഹം മുഴുവൻ അപ്രകാരം നവീകരിക്കപ്പെടേണ്ടതാണെങ്കിൽ സമൂഹത്തെ കെട്ടിപ്പടുക്കേണ്ട പുരോഹിതൻ ഈ നവീകരണാനുഭവ ത്തിൽ മുന്നിട്ടുനില്ക്കേണ്ടവനാണ്. പ്രാർത്ഥനാനുഭവത്തോടുകൂടി കൂദാശാപരികർമ്മം നിർവഹിച്ചുകൊണ്ടും കൂദാശാജീവിതം നയിച്ചു

കൊണ്ടും പുരോഹിതനും ആത്മാവിൽ നിരന്തരമായി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം.

## 2. പുരോഹിതൻ: വചനാധിഷ്ഠിതജീവിതം നയിക്കുന്നവൻ

*"എന്നാൽ, പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റു നിന്ന് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു: യഹൂദജനങ്ങളേ, ജറുസലേമിൽ വസിക്കുന്നവരേ, ഇതു മനസ്സിലാക്കുവിൻ; എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ. നിങ്ങൾ വിചാരിക്കുന്നതുപോലെ ഇവർ ലഹരി പിടിച്ചവരല്ല. കാരണം, ഇപ്പോൾ ദിവസത്തിന്റെ മൂന്നാം മണിക്കൂറല്ലേ ആയിട്ടുള്ളു? മറിച്ച്, ജോയേൽ പ്രവാചകൻ പറഞ്ഞതാണിത്: ദൈവം അരുളിച്ചെയ്യുന്നു: അവസാനദിവസങ്ങളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളുണ്ടാകും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെയും ദാസികളുടെയുംമേൽ ഞാൻ എന്റെ ആത്മാവിനെ വർഷിക്കും; അവർ പ്രവചിക്കുകയും ചെയ്യും"* (2,14-18).

പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ആദ്യത്തെ സുവിശേഷപ്രസംഗം നടത്തുകയാണ്. സഭയുടെ ഏറ്റം പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണെന്നും, അത് ഓരോരുത്തരും ഒറ്റപ്പെട്ട് നടത്തേണ്ടതല്ലെന്നും ഇതു സൂചിപ്പിക്കുന്നു. ശ്ലൈഹിക അടിസ്ഥാനമാണ് സഭയ്ക്കും സഭയുടെ സുവിശേഷപ്രഘോഷണത്തിനും ആധികാരികത നല്കുന്നത്. ശ്ലൈഹികാടിസ്ഥാനം എന്നത് പന്ത്രണ്ടു ശ്ലീഹന്മാരുടെയും കൂട്ടായ്മയിൽ അധിഷ്ഠിതമായതാണെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് സഭയിൽ എല്ലാവരും സുവിശേഷപ്രഘോഷണം നടത്തേണ്ടത് ശ്ലൈഹികാടിസ്ഥാനത്തെ മാനിച്ചുകൊണ്ടും കൂട്ടായ്മ പുലർത്തിക്കൊണ്ടുമായിരിക്കണം. പത്രോസിന്റെ പ്രസംഗവിഷയം പരിശുദ്ധാത്മാഭിഷേകവും (2,15-21 ) മിശിഹാസംഭവവുമാണ് (2,22-36). പരിശുദ്ധാത്മാഭിഷേകത്തെ വിശദീകരിക്കുവാൻ പത്രോസ് ആധാരമാക്കുന്നത് ജോയേൽപ്രവചനമാണ് (ജോയേൽ 2,28-32). ഇസ്രായേൽജനത്തിന്റെ മുഴുവന്റെ മേലുമുള്ള ദൈവാത്മാവിന്റെ അഭിഷേകമായിട്ടാണ് പന്തക്കുസ്താനുഭവത്തെ പത്രോസ് വിശദീകരിക്കുന്നത്. പഴയനിയമകാലഘട്ടത്തിൽ ദൈവജനത്തിന്റെ നേതാക്കന്മാർ മാത്രമാണ് ആത്മാഭിഷിക്തരായിരുന്നതെങ്കിൽ പുതിയ ദൈവജനം മുഴുവൻ ആത്മാഭിഷിക്തമാകുമെന്ന് പത്രോസിന്റെ സുവിശേഷപ്രസംഗം വ്യക്തമാക്കുന്നു. അത് രക്ഷയുടെ അഥവാ വിശുദ്ധിയുടെ അനുഭവവുംകൂടെയായിരിക്കും (2,21). പരിശുദ്ധാരൂപി വിശുദ്ധിയുടെ അരൂപിയാണ് (റോമാ 1,4). അതുകൊണ്ട് അരൂപിയാൽ പൂരിതരായി, വിശുദ്ധിയിലും സ്നേഹത്തിലും കർത്താവിനെ സ്തുതിക്കുന്ന (എഫേ 5,18-20) ഒരു സമൂഹമായിട്ടാണ് സഭ ജന്മംകൊള്ളുന്നത്.

അരൂപിയുടെ ഈ അഭിഷേകം വചനസ്വീകരണവും വചനാനുഭവവും ഉൾക്കൊള്ളുന്നതാണെന്നും പതോസിന്റെ പ്രസംഗത്തിൽ സൂചനയുണ്ട്. ജോയേൽ പ്രവചനപ്രകാരം കർത്താവിന്റെ അരൂപി

വർഷിക്കപ്പെടുന്നത് 'കർത്താവിന്റെ ദാസന്മാരുടെയും ദാസിമാരുടെ യുംമേൽ' ആണെന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട് (2,18=ജോയേൽ 2,29). കർത്താവിന്റെ ദാസന്മാരും ദാസിമാരും കർത്താവിന്റെ വചനം സ്വീകരിക്കുന്നവരാണ്. പിന്നീട് പത്രോസിന്റെ പ്രസംഗത്തിന് അനുകൂലമായി പ്രത്യുത്തരിച്ചവർ വചനം സ്വീകരിച്ച വരാണെന്ന് എടുത്തുപറയുന്നുമുണ്ട് (ശ്ലീഹ 2,41). ഈ പ്രസ്താവന പരിശുദ്ധ കന്യകാമറിയത്തിന്റെ വാക്കുകളെ അനുസ്മരിപ്പിക്കുന്ന ഒന്നാണ്. മംഗലവാർത്തയുടെ സന്ദർഭത്തിൽ "പരിശുദ്ധാത്മാവ് നിന്റെമേൽവരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" എന്ന് ദൂതൻ പറഞ്ഞപ്പോൾ മറിയം പ്രത്യുത്തരിച്ചത് "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വചനം എന്നിൽ നിറവേറട്ടെ!" എന്നാണ് (ലൂക്കാ 1,38). അരൂപിയും വചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അരൂപിയുടെ അഭിഷേകം ജീവിതത്തിൽ ഫലപ്രദമായി ത്തീരുന്നത് വചനസ്വീകരണത്തിലൂടെയാണെന്നുള്ളതിനു സംശയ മില്ല. സഭ വചനം സ്വീകരിക്കുന്നവരുടെ സമൂഹമാണെങ്കിൽ സഭയെ കെട്ടിപ്പടുക്കേണ്ട പുരോഹിതനും വചനാധിഷ്ഠിത ജീവിതം നയിക്കു ന്നവനാകണം.

### 3. പുരോഹിതൻ: മിശിഹാനുഭവത്തിൽ വളരുന്നവൻ

*"ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്. ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്ന് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവൻ ഈ ആത്മാവിനെ വർഷിച്ചിരിക്കുന്നു. അതാണ് നിങ്ങൾ ഇപ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്നത്. ദാവീദ് സ്വർഗത്തി ലേക്ക് ആരോഹണം ചെയ്തില്ല. എങ്കിലും അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ഠനാവുക. അതിനാൽ, നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം, കർത്താവും മിശിഹായു മാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ"* (2,32-36).

പത്രോസിന്റെ സുവിശേഷപ്രസംഗത്തിന്റെ രണ്ടാം ഭാഗത്തിന്റെ വിഷയം മിശിഹാസംഭവമാണ്. ദൈവത്തിന്റെ നിശ്ചിതപദ്ധതിയും പൂർവജ്ഞാനവുമനുസരിച്ച്, ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്ര വർത്തനമാണ് മിശിഹാസംഭവമെന്ന് പത്രോസ് പ്രഖ്യാപിക്കുക യാണ് (2,23). "ഇസ്രായേൽ ജനങ്ങളേ" എന്നു സംബോധന ചെയ്തു കൊണ്ടാണ് മിശിഹാസംഭവം പത്രോസ് അവതരിപ്പിക്കുന്നത്. ദൈവ ജനമായ ഇസ്രായേലിലൂടെ ദൈവം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന രക്ഷാകരപ്രവർത്തനമാണിതെന്ന് അവർ മനസ്സിലാക്കണം. ഈശോ യുടെ പരസ്യജീവിതത്തിലെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവസാനം പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും സ്വർഗാ രോഹണവും പരിശുദ്ധാത്മവർഷവുമാണ് മിശിഹാസംഭവത്തിന്റെ ഉള്ളടക്കം. ഈശോയെ "കർത്താവും മിശിഹായുമാക്കി" ഉയർത്തി

എന്നു പറഞ്ഞുകൊണ്ടാണ് പ്രസംഗം അവസാനിപ്പിക്കുന്നത്. 'കർത്താവ്' എന്ന സംബോധന പഴയനിയമത്തിൽ ദൈവത്തിനു മാത്രം നല്കുന്നതാണ്. മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ് ഈ സംബോധന ഈശോയ്ക്കു നല്കുന്നതിലൂടെ സൂചിപ്പിക്കുന്നത്. ഇത് ആദിമസഭയുടെ വിശ്വാസപ്രഖ്യാപനത്തിന്റെ അന്തഃസത്തയുമാണ് (റോമാ 10,9; 1 കൊറി 15). സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ വിഷയം മിശിഹാസംഭവമായിരിക്കണമെന്ന് ഇത് പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നു.

മിശിഹാസംഭവമായിരിക്കണം നമ്മുടെ സുവിശേഷപ്രഘോഷണവിഷയമായിരിക്കേണ്ടതെങ്കിൽ സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നമുക്കു നല്കുന്നത് മിശിഹാനുഭവമാണ്. "ആ ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളാണ്" (2,32) എന്ന് പത്രോസ് എടുത്തുപറയുന്നു. മിശിഹാസംഭവത്തിനു സാക്ഷികളായിത്തീരുന്ന അനുഭവമാണ് മിശിഹാസംഭവം പ്രഘോഷിക്കുവാൻ നമ്മെ കഴിവുറ്റവരാക്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിന്റെ ആമുഖത്തിൽ പറയുന്ന വാക്കുകൾ നമുക്കറിവുള്ളതാണ്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു... ഞങ്ങൾ അതു കണ്ടു. അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു" (1 യോഹ 1,1-2). സുവിശേഷപ്രഘോഷണം സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ സഭയുടെ അംഗങ്ങളോരോരുത്തരും മിശിഹാനുഭവമുള്ളവരായിരിക്കണം. ഇന്ന് ഈ മിശിഹാനുഭവം നമുക്ക് ആർജ്ജിക്കുവാനുള്ള ഏറ്റം ഉത്കൃഷ്ടമായ വേദി പരിശുദ്ധ കുർബാനയർപ്പണംതന്നെയാണ്. അവിടെ മിശിഹാ സന്നിഹിതനാവുകയും തന്റെ പരസ്യജീവിതവും ഉത്ഥാനവും പരിശുദ്ധാത്മവർഷവും കൂദാശാപരമായി സന്നിഹിതമാക്കുകയും ചെയ്യുന്നു. പരിശുദ്ധ കുർബാനയിൽ സജീവമായി സംബന്ധിച്ചുകൊണ്ടാണ് സഭാംഗങ്ങൾ ഈ മിശിഹാനുഭവത്തിൽ വളരേണ്ടത്. കുർബാനയർപ്പിക്കുന്ന പുരോഹിതൻ ഈ മിശിഹാനുഭവത്തിൽ വളരുന്നവനും ഈ അനുഭവത്തിൽ വിശ്വാസികളെ വളർത്തുന്നവനുമാകണം.

**4. പുരോഹിതൻ: സുവിശേഷത്തിന്റെ ശുശ്രൂഷകൻ**

"*അവന്റെ വചനം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു*" (2,41-42).

പത്രോസിന്റെ പ്രസംഗം കേട്ടവർ ഹൃദയം നുറുങ്ങി പത്രോസിനോടു ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോച

നത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (2,37-38). അവരുടെ ഹൃദയം നുറുങ്ങാൻ കാരണം അവർ (യഹൂദജനം) ഈശോയിലൂടെ ദൈവം വച്ചുനീട്ടിയ രക്ഷ തിരസ്കരിച്ചു എന്നതാണ്. അതുകൊണ്ടാണ് പശ്ചാത്തപിച്ച് ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവാൻ പത്രോസ് അവരോട് ആവശ്യപ്പെട്ടതും. 'ഈശോയുടെ നാമത്തിൽ' സ്നാനം സ്വീകരിക്കുക എന്നു പറഞ്ഞാൽ ഈശോയെ ജീവിതത്തിന്റെ സർവസ്വവുമായി സ്വീകരിക്കുക എന്നാണർത്ഥം. അതു വെറുമൊരു ഫോർമുലയല്ല. ഫോർമുല എന്ന നിലയിൽ അത് 'ത്രിത്വത്തിന്റെ നാമത്തിൽ' എന്നായത് (മത്താ 28,19) ഈശോ ത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാണ്. ഈശോയെ തിരസ്കരിച്ച ഈ ദുഷിച്ച തലമുറയിൽനിന്ന് അവരെത്തന്നെ രക്ഷിക്കുവാനും (2,40) പത്രോസ് അവരെ ഉപദേശിക്കുന്നുണ്ട്. അവരിൽ മൂവായിരത്തോളം പേർ പത്രോസ് പ്രഘോഷിച്ച സുവിശേഷവചനം സ്വീകരിച്ച്, സ്നാനം സ്വീകരിച്ചു. ഇവരാണ് ആദിമസഭാസമൂഹം. ഇപ്രകാരമുള്ള സഭാസമൂഹത്തിന്റെ ശുശ്രൂഷകനാണ് പുരോഹിതൻ. ഇപ്രകാരം സുവിശേഷവചന കേന്ദ്രീകൃതമായി, ഈശോയോടും സുവിശേഷത്തോടും പ്രതിബദ്ധതയുള്ള സമൂഹമായിട്ടാണ് പുരോഹിതൻ സഭയെ കെട്ടിപ്പടുക്കേണ്ടത്.

സുവിശേഷകേന്ദ്രീകൃതമായി സഭയെ കെട്ടിപ്പടുക്കേണ്ടതെങ്ങനെയെന്ന് നമ്മെ മനസ്സിലാക്കിത്തരുന്നതാണ് 'സഭയുടെ കരടുരേഖ' (blue print) എന്നറിയപ്പെടുന്ന 42-ാം വാക്യം: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു". സഭയിൽ സ്വീകരിക്കപ്പെട്ട വചനത്തിന് -സുവിശേഷത്തിന്- മൂന്നു വിധത്തിലുള്ള പ്രത്യുത്തരമാണ് സഭാംഗങ്ങൾ നല്കേണ്ടത്. ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേരുന്നതുവഴി സുവിശേഷസ്വീകരണവും കൂട്ടായ്മയിൽ പങ്കുചേരുന്നതുവഴി സുവിശേഷജീവിതവും അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ പങ്കുചേരുന്നതുവഴി സുവിശേഷാഘോഷവും നടക്കുന്നു. ഇപ്രകാരം മൂന്നു വിധത്തിലുള്ള പ്രത്യുത്തരത്തിന് വിശ്വാസികളെ സജ്ജരാക്കുന്നതിനുള്ള ത്രിവിധശുശ്രൂഷകളാണ് പുരോഹിതനുള്ളത്. 1. പ്രബോധനശുശ്രൂഷ; 2. അജപാലനശുശ്രൂഷ; 3. വിശുദ്ധീകരണശുശ്രൂഷ. പ്രബോധനശുശ്രൂഷയിലൂടെ സുവിശേഷസ്വീകരണത്തിനും, അജപാലനശുശ്രൂഷയിലൂടെ സുവിശേഷാത്മകമായ ജീവിതത്തിനും വിശുദ്ധീകരണ (ആരാധനക്രമ) ശുശ്രൂഷയിലൂടെ സുവിശേഷാഘോഷത്തിനും നേതൃത്വം കൊടുക്കുവാൻ പുരോഹിതനു കഴിയണം. അപ്രകാരം പുരോഹിതൻ തന്റെ ശുശ്രൂഷ നിർവഹിക്കുമ്പോൾ സഭാസമൂഹം സുവിശേഷകേന്ദ്രീകൃതമായ ഒരു സമൂഹമായി പടുത്തുയർത്തപ്പെടും. അപ്പോൾ സുവിശേഷപ്രഘോഷണശേഷിയുള്ള സമൂഹമായും സഭ പടുത്തുയർത്തപ്പെടും.

ഇപ്രകാരം സുവിശേഷത്തിന്റെ ശുശ്രൂഷകനാകുവാൻ പുരോഹിതൻ പരിശ്രമിക്കണം.

**5. പുരോഹിതൻ: കൂട്ടായ്മയുടെ ശുശ്രൂഷകൻ**

"*വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു*" (2,44-45).

സുവിശേഷകേന്ദ്രീകൃതമായി രൂപംകൊള്ളുന്ന സഭാസമൂഹത്തിന്റെ മുഖമുദ്ര കൂട്ടായ്മയും സ്നേഹവുമാണ്. ആദിമസഭാസമൂഹത്തിന്റെ ജീവിതശൈലി ഇതു വ്യക്തമാക്കുന്നുണ്ട്. അവർ എല്ലാം പൊതുവായി കരുതുകയും ഉള്ളതെല്ലാം ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് പറയുന്നത്. വിശ്വാസികളുടെ കൂട്ടായ്മയെക്കുറിച്ച് പിന്നീട് ഇപ്രകാരം പറയുന്നു: "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (4,32). ജറുസലേമിലെ ആദ്യ ക്രൈസ്തവസമൂഹം ദരിദ്രർ കൂടുതലുണ്ടായിരുന്ന സമൂഹമായിരുന്നുവെന്നാണ് പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളുടെ വെളിച്ചത്തിൽ നാം മനസ്സിലാക്കുന്നത്. പൗലോസ്ശ്ലീഹാ സ്ഥാപിച്ച സഭകളിൽനിന്നെല്ലാം സാമ്പത്തികമായി അവരെ സഹായിക്കുന്നതായിട്ടു നാം കാണുന്നുണ്ട് (2 കൊറി 9,1-5). എങ്കിലും അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. കാരണം പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാൽക്കലർപ്പിച്ചു. അത് ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു (4,34-35). ശ്ലീഹ 5-ാം അദ്ധ്യായം വിവരിക്കുന്ന അനനിയാസിന്റെയും സഫീറായുടെയും സംഭവം ഇതിനു തെളിവുമാണ്.

ഇപ്രകാരം ദാരിദ്ര്യചൈതന്യവും കൂട്ടായ്മാജീവിതവുമുണ്ടായിരുന്ന സമൂഹമായതിനാലാണ്, ഫലപ്രദമായവിധം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാനും അനേകരെ സഭയിലേക്ക് ആനയിക്കുവാനും ആദിമക്രൈസ്തവസമൂഹത്തിനു കഴിഞ്ഞത്. "അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (2,47). സുവിശേഷം നിരന്തരം സ്വീകരിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന സമൂഹം അവശ്യം സുവിശേഷം പ്രഘോഷിക്കുന്ന, സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന സമൂഹമായിരിക്കും. അപ്രകാരം സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ ആത്യന്തികമായി സഭാകൂട്ടായ്മയുടെ ശുശ്രൂഷകനാകുവാൻ പരിശ്രമിക്കണം.

**ജീവിതസൂചിക**

1. പ്രാർത്ഥനാജീവിതത്തിലൂടെ പരിശുദ്ധാത്മാഭിഷേകം നവീകരിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. വചനാധിഷ്ഠിതജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. പുരോഹിതനടുത്ത ശുശ്രൂഷയിലൂടെ മിശിഹാനുഭവത്തിൽ വളരുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. സുവിശേഷകേന്ദ്രീകൃതമായി സഭാസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എന്റെ പുരോഹിതശുശ്രൂഷ എങ്ങനെ നിർവഹിക്കണം?
5. എന്റെ സമൂഹത്തെ സഭാത്മകകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

---

D.D.,L.S.S., S.T.D.,
Bishop of Thanjavur

13 March, 2018

**Ref. No. 01/2017-18/15**

To

Most Rev Fr Mar Paul Alappatt
Bishop of Ramanathapuram,
Catholic Bishop's House,
C/o Holy Trinity Cathedral,
Trichy Road, Ramanathapuram,
Coimbatore – 641 045.

**Sub: Dispensation to Rev. Fr. S. Sengole of the Diocese of Thanjavur**

Your Excellency,

Prayerful greetings from Most Rev. Dr. M. Devadass Ambrose, the Bishop of Thanjavur.

Rev. Fr. S. Sengole, belongs to the diocese of Thanjavur has been laicized by granting dispensation from all obligations of Sacred Ordination including that of Celibacy by Holy Father Francis (Prot: 322/18). It has come into effect from 10th March, 2018.

With warm regards,

Yours Devotedly in Christ

+Most Rev. Dr. M. Devadass Ambrose
Bishop of Thanjavur

## കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

# "സ്നേഹത്തിന്റെ ആനന്ദം"

**ബൈബിൾ വായന : 2 കോറി 7:2–7**

**അദ്ധ്യായം 6 ചില അജപാലന കാഴ്ചപ്പാടുകൾ (തുടർച്ച)**

നല്ല വീഞ്ഞിന് കാലം ചെല്ലുംതോറും വീര്യം കൂടുന്നതുപോലെ, വിശ്വസ്തതയുടെ ദൈനംദിനാനുഭവം വിവാഹജീവിതത്തിന് സമ്പന്നത നൽകുന്നു. ഈ വിശ്വസ്തതയുടെ ഫലമായിട്ടാണ് തങ്ങളുടെ മക്കളുടെ മക്കളെ കാണുവാൻ മാതാപിതാക്കൾക്ക് സാധിക്കുന്നത്. ദമ്പതികൾ പരസ്പരം നവമായി കണ്ടെത്തുമ്പോൾ സ്നേഹം കൂടുതൽ ബോധപൂർവ്വകവും, സ്വസ്ഥവും, പക്വവുമാകുന്നു. ഇത്തരത്തിലുള്ള ദമ്പതികൾ വെല്ലുവിളികളിൽനിന്നും ഒളിച്ച് ഓടുകയോ, പ്രശ്നങ്ങൾ മറച്ചുവെയ്ക്കുകയോ ചെയ്യാതെ പ്രതിസന്ധികളേയും, പ്രയാസങ്ങളേയും വിജയകരമായി മറികടക്കുന്നു.

**പ്രതിസന്ധികളുടെ വെല്ലുവിളി :**

ഓരോ കുടുംബത്തിനും പ്രതിസന്ധികളുണ്ട്. ഇവയെ അഭിമുഖീകരിക്കുക എന്നത് തങ്ങളുടെ ബന്ധത്തെ ദുർബലപ്പെടുത്തുകയല്ല, തങ്ങളുടെ ഐക്യത്തെ ശക്തിപ്പെടുത്തുകയാണ്. പ്രതിസന്ധികളേയും വെല്ലുവിളികളേയും നേരിടുക എന്നത് കുടുംബജീവിതത്തിന്റെ ഒരു ഭാഗമായി കാണണം. ഇതിനെ അതിജീവിക്കുവാൻ അനുഭവസമ്പത്തും പരിശീലനവുമുള്ള ദമ്പതികൾ വഴികാണിച്ചുകൊടുക്കണം.

പ്രതിസന്ധികൾ താനെ പരിഹരിക്കപ്പെട്ടുകൊള്ളും എന്ന് കരുതുന്നത് കാര്യങ്ങൾ വഷളാക്കുകയും, ദമ്പതികൾ തമ്മിൽ ആശയവിനിമയം ഇല്ലാതാക്കുകയും, തുടർന്ന് ജീവിതപങ്കാളി ഒരു ഇണ എന്ന നിലയിലോ, അപരിചിതൻ എന്ന നിലയിലോ തരംതാഴുകും ചെയ്യുന്നു.

പ്രതിസന്ധികളെ ഒരുമിച്ച് നേരിടുക എന്നത് എളുപ്പമല്ല. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഹൃദയം തുറന്ന് സംസാരിക്കണം. ഇതിനുള്ള അവസരങ്ങൾ ദമ്പതികൾ ഉണ്ടാക്കണം. പരസ്പരം ക്ഷമിക്കുവാൻ ദമ്പതികൾ തയ്യാറാകണം. മറ്റെ ആളെ തെറ്റുകളിലേക്ക് നയിച്ചത് താനല്ലേ എന്ന് ശാന്തമായും വിനീതമായും തന്നോട് തന്നെ ചോദിക്കണം. ഈ അനുരഞ്ജനത്തിന് ദൈവകൃപ ധാരാളം ആവശ്യമാണ്.

ദമ്പതികളിൽ ഒരാൾ അല്ലെങ്കിൽ രണ്ടുപേരും തൃപ്തി അനുഭവിക്കാതിരിക്കുമ്പോൾ വിവാഹജീവിതം വേണ്ടെന്ന് വെയ്ക്കുന്നതിലേക്കാണ് ഇന്നത്തെ ദമ്പതികൾ ചിന്തിക്കുന്നത്. മുമ്പ് അങ്ങനെ ആയിരുന്നെങ്കിൽ ഇന്ന് ഒരു വിവാഹവും നിലനിൽക്കില്ലായിരുന്നു.

പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ സ്നേഹം നവീകരിക്കുന്നതിനും, ആഴപ്പെടുന്നതിനും, ആന്തരികമായി ശക്തിപ്പെടുത്തുന്നതിനും പ്രാപ്തമാകുന്ന ഒരു പുതിയ സമൂഹം ഉണ്ടാകണം. പ്രശ്നങ്ങളുടെ മൂലകാരണങ്ങളിലേക്ക് കടന്നുചെല്ലുന്നതിനും അടിസ്ഥാന വ്യവസ്ഥകൾ പുനരാലോചിക്കുന്നതിനും അതുവഴി പുതിയ സന്തുലനം കൈവരിച്ച് ഒരുമിച്ച് മുന്നോട്ടുപോകുവാനും കഴിയണം.

സഭയുടെ ഭാഗത്തുനിന്ന് വിവാഹബന്ധം തകർന്നിരിക്കുന്നവരോട് കരുതൽ കാട്ടുന്ന ഒരു ശുശ്രൂഷ കൈവരിക്കേണ്ടിയിരിക്കുന്നു.

**പഴയമുറിവുകൾ :**

ശൈശവത്തിലോ കൗമാരത്തിലോ ഒരാൾക്ക് സന്തോഷകരമല്ലാത്ത അനുഭവം ഉണ്ടായാൽ അത് വിവാഹജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഇത്തരക്കാർ മറ്റൊരാൾ തങ്ങളുടെ ശൂന്യത നികത്തിതരണമെന്ന് ആഗ്രഹിക്കുന്നു. വിവാഹ ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, ഓരോ ദമ്പതിയും തങ്ങളുടെ ജീവിതചരിത്രവുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം.

സൗഖ്യത്തിനുള്ള ആവശ്യകത അംഗീകരിക്കുന്നതിന്, ക്ഷമിക്കുവാനും, ക്ഷമിക്കപ്പെടാനുമുള്ള കൃപയ്ക്കുവേണ്ടി നിരന്തര പ്രാർത്ഥനാ സഹായം സ്വീകരിക്കാനുള്ള സന്നദ്ധത, ഉപേക്ഷ കൂടാതെ പരിശ്രമം തുടരുന്നതിനുള്ള നിശ്ചയം എന്നിവ ആവശ്യമാണ്. സംഘർഷം പരിഹരിക്കുന്നതിനുള്ള ആദ്യ മാർഗ്ഗം മറ്റേ ആളുടെ എന്നതിനേക്കാൾ തങ്ങളുടെ തന്നെ ജീവിതത്തിൽ എന്താണ് വളർത്താനും, സൗഖ്യപ്പെടുത്താനുമുള്ളത് എന്ന് സ്വയം ചോദിക്കലാണ്.

**ചോദ്യങ്ങൾ**

1. വിവാഹജീവിതത്തിലെ വിശ്വസ്തതയുടെ ഫലം എന്താണ്?
2. വിവാഹ ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ദമ്പതികൾ കൈവരിക്കേണ്ട, എടുക്കേണ്ടതായ തീരുമാനങ്ങൾ ഏവ?
3. ജീവിതത്തിലെ "പഴയമുറിവുകൾ" എങ്ങനെ സുഖപ്പെടുത്താം.?

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



# സെമിനാരി വിശേഷം

- 24-02-18 ന് പാലക്കാട് മൈനർ സെമിനാരിയുമായി വോളിബോൾ സൗഹൃദ മത്സരം നടത്തി.
- 28-02-18 ന് അഭിവന്ദ്യ പിതാവുമായി മൈനർ സെമിനാരി ബ്രദേഴ്സ് കൂടികാഴ്ച നടത്തി.
- 01-03-18 ന് പൊള്ളാച്ചിയിലെ ഹോളി ഫാമിലി സിസ്റ്റേഴ്സ് സെമിനാരി സന്ദർശിച്ചു.
- 04-03-18 ന് മാർച്ചുമാസത്തെ മാസധ്യാനം നയിച്ചത് ഫാ. ആന്റണി പുത്തനങ്ങാടി സി.എം.ഐ. ആയിരുന്നു.
- 07-03-18 ന് പ്ലസ് വൺ വിദ്യാർത്ഥികൾക്ക് ബോർഡ് എക്സാം ആരംഭിച്ചു.
- 10-03-18 ന് രൂപതയിൽ വച്ചുനടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ വൈദികരും ഏതാനും ബ്രദേഴ്സും പങ്കെടുത്തു.
- 12-03-18ൽ ആദ്യവർഷ സെമിനാരിക്കാർക്ക് വാർഷിക പരീക്ഷ ആരംഭിച്ചു.
- 14-03-18 ന് വൈസ് റെക്ടർ ഫാ. റിജോ ആലപ്പാട്ട് തന്റെ ജന്മദിനം ആഘോഷിക്കുകയും അന്നു വൈകുന്നേരം സെമിനാരി മുൻ വൈസ് റെക്ടർ ഫാ. ലിന്റോ തളിയനായത്ത് സെമിനാരി സന്ദർശിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ

# മദർ തെരേസ പീസ് ഹോം

മദർ തെരേസ പീസ് ഹോമിൽ നിന്നും ആശംസകൾ

മാർച്ച് 20ന് ബഹു. പോൾ പിതാവിന്റെ അദ്ധ്യക്ഷതയിൽ കോർ കമ്മിറ്റി മീറ്റിങ്ങ് നടന്നു.

**ഒരു കൈത്താങ്ങ്**

പീസ് ഹോമിന്റെ അനുദിന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി തൃശ്ശൂർ അഞ്ചേരിയിൽ നിന്നും Nixon Cletus Vallchirkkaran എന്ന യുവാവ് പീസ് ഹോമിൽ താമസിച്ച് ശുശ്രൂഷ ചെയ്യുന്നത് ഏറെ ആശ്വാസകരമാണ്. മൂന്നുമാസത്തേയ്ക്ക് ശുശ്രൂഷകൾക്കായി പീസ് ഹോമിൽ ഉണ്ടായിരിക്കും. അദ്ദേഹത്തിന്റെ എല്ലാ നല്ല നിയോഗങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ഓർമ്മിക്കാൻ**

പീസ് ഹോമിന്റെ അനുദിന ശുശ്രൂഷകൾക്കായി ഇനിയും ഏകദേശം 10 ഗ്രൂപ്പുകളും 5 എക്സ്ട്രാ ഗ്രൂപ്പുകളും ആവശ്യമാണ്. ഇതിന് മാതൃവേദി അംഗങ്ങൾ കാര്യമായി ചിന്തിക്കുകയും ശുശ്രൂഷകൾക്ക് മുൻകൈ എടുക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നിങ്ങളുടെ അറിവും സ്വാധീനവും പങ്കുവെയ്ക്കുമോ?**

നമ്മുടെ ഈ ഹോമിൽ ഇപ്പോൾ 12 കുഞ്ഞുങ്ങളാണ് ഉള്ളത്. ആർക്കും സ്വന്തമായി ഒന്നും ചെയ്യാൻ കഴിയാത്തവരാണ്. ഒരുദിവസം അവർക്കായി ഏകദേശം 50 സ്നഗിയോളം ഉപയോഗിക്കേണ്ടതായി വരുന്നുണ്ട്. ഇത് വളരെ ചിലവേറിയ ഒരു കാര്യമാണ്. ആരെങ്കിലും സ്നഗിയുടെ കമ്പനികളിൽ ജോലി ചെയ്യുന്നവരോ, കമ്പനിയുമായി നേരിട്ട് ബന്ധമുള്ളവരോ ഉണ്ടെങ്കിൽ കമ്പനികളുമായി ബന്ധപ്പെടുവാനും Production rate ൽ ലഭ്യമാക്കുവാനോ അല്ലെങ്കിൽ അവരുടെ ചാരിറ്റിയിൽനിന്നും സഹായം ലഭിക്കുവാനോ സാധ്യതയുണ്ട്. അങ്ങനെ ആർക്കെങ്കിലും സഹായിക്കാൻ സാധിക്കുമെങ്കിൽ അത് വളരെ വലിയ കാര്യമായിരിക്കും. കുഞ്ഞുങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ആവശ്യം കൂടുതലാണ്. രണ്ടാമതായി നമ്മുടെ രൂപതയിലെ ഒത്തിരി ആളുകൾ മെഡിക്കൽ ഫീൽഡിൽ ജോലി ചെയ്യുന്നവരാണ്. ഇവിടെ ഇപ്പോൾ 4 വയസ്സുമുതൽ 15 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾ ഉണ്ട്. അവർക്ക് ആവശ്യമായ മെഡിസിൻ ആർക്കെങ്കിലും നല്കാൻ കഴിയുമെങ്കിൽ അതും വലിയ ഒരു കാര്യമായിരിക്കും. ബന്ധപ്പെടേണ്ട നമ്പർ 8220822936

**പ്രാർത്ഥന**

ഒത്തിരിയേറെ നല്ലമനസ്സുകൾ പീസ് ഹോമിനെ പണംകൊണ്ടും, സാധനങ്ങൾ കൊണ്ടും, സേവനം കൊണ്ടും സഹായിക്കുന്നുണ്ട്. നിങ്ങൾക്ക് തിരിച്ചു നല്കാൻ ഞങ്ങളുടെ കയ്യിൽ പ്രാർത്ഥന മാത്രമാണുള്ളത്. ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**സഹായ ഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | Gracemma, C/o. Shajan T.R., Tirupur | 1000.00 |
| 2. | Venu SEV Packaging 173/2B, Avinashi | 25000.00 |
| 3. | Mary Baby, Manjali House, Valparai | 500.00 |
| 4. | Shibu Thomas, Thekkinedath, Valparai | 500.00 |
| 5. | Antony Palayur, Coimbatore | 500.00 |
| 6. | Junior Choir Members, Little Flower churc, Thrissur | 9000.00 |
| 7. | Senior Choir Members, Little Flower churc, Thrissur | 9000.00 |
| 8. | Soji Palachira, Kottayam | 2000.00 |
| 9. | Many, Tirupur | 500.00 |

| | | |
|---|---|---|
| 10. | Rooban, Mettupalayam | 200.00 |
| 11. | St. Sebastian church, Udumalpet | 11000.00 |
| 12 | Lorde Matha Convent MHHSS Bodipetty, Udumalai | 25000.00 |
| 13. | Coimbatore Big Bazar, ABR No. 26 | 5000.00 |
| 14. | George TF Thachuparambil, Tirupur | 3500.00 |
| 15. | Ponraj, Priyan Tex, Tirupur | 2000.00 |
| 16. | Jud Mathew Academy, Namakkal | 7000.00 |
| 17. | John Bosco Sneha Bhavan, Kanjapalli | 1000.00 |
| 18. | Mr. Ajeesh Meledathu, Nilambor | 5000.00 |
| 19. | Hema Dakshin, Tirupur | 3500.00 |
| 20. | C.P. Denny Sacred Heart Unit, Tirupur | 3500.00 |
| 21. | Lisieux Family Unit, Saibaba Colony | 4200.00 |
| 22. | P.V. Joy Panikulangara, Tirupur | 1000.00 |
| 23. | PVJ Traders, Tirupur | 1000.00 |
| 24. | Shekar, Tirupur | 500.00 |
| 25. | Leema John Kallangadu, Tirupur | 500.00 |
| 26. | Emmaus Kudmba Kootaima, Ramanathapuram | 30000.00 |
| 27. | Mathruvedi, Valparai | 12000.00 |



# വിശ്വാസപരിശീലനം

**സ്കോളർഷിപ്പ് പരീക്ഷ** - 2017-18 അദ്ധ്യയന വർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 8ന് ഗാന്ധിപുരത്ത് വച്ച് വൈകുന്നേരം 3.00 മണിമുതൽ 4.00 മണിവരെ നടത്തപ്പെടുന്നു. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ. അവരെ അതിനായി ഒരുക്കിയ എല്ലാ ടീച്ചേഴ്സിനും മാതാപിതാക്കൾക്കും ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**Valuation of Scholarship Exam Papers :** ഏപ്രിൽ 14ന് ഗാന്ധിപുരത്ത് വെച്ച് 9.30amന് ആരംഭിക്കുന്നു. ഉത്തരവാദിത്വപ്പെട്ടവർ നിർബന്ധമായും ഇതിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രത്യേകിച്ച് പങ്കെടുക്കുന്ന യൂണിറ്റിലെ ടീച്ചേഴ്സ് എച്ച്.എം. ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

**മീറ്റിംഗ് :** ഏപ്രിൽ 8ന് ഗാന്ധിപുരത്തുവെച്ച് 2.15pm മുതൽ 5.30pm വരെ Eparchial Catechetical Executive Committee Meeting ഉണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ടവർ മീറ്റിങ്ങിൽ നിർബന്ധമായും പങ്കെടുക്കുമല്ലോ. Pastoral Council Secretary, Commission Secretary എല്ലാ പ്രധാന അദ്ധ്യാപകരും സെക്രട്ടറിമാരും

നിർബന്ധമായും കൃത്യസമയത്ത് ഈ മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**Collage Competition :** Collage Competition ൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ Ist, IInd, IIIrd സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരുകൾ താഴെ ചേർക്കുന്നു.

Ist - Lourde's Forane church, Gandhipuram

IInd - St. Joseph church, Kavundampalayam

IIIrd - St. Paul's church, Pollachi & St. Sebastian church, Udumalpet

സമ്മാനർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

**Form :** Form No. 15 submitt ചെയ്യേണ്ട അവസാന തീയതി ഏപ്രിൽ 30 ആണ് എന്ന് ഓർമ്മിപ്പിക്കുന്നു. ബുക്കിന്റെ ഓർഡർ ഫോം ഏപ്രിൽ 8ന് സബ്മിറ്റ് ചെയ്യുമല്ലോ.

**റിസോഴ്സ് ടീം :** ഏപ്രിൽ മാസത്തെ സെമിനാർ ഏപ്രിൽ 15ന് ഗാന്ധിപുരത്ത് വെച്ച് 2.00pm മുതൽ 5.00pm വരെ ഉണ്ടായിരിക്കുന്നതാണ്.

**സാന്തോം സ്റ്റാൾ :** നവീകരിച്ച "തിരുക്കർമ്മ ധർമ്മവിവരവും പള്ളിജീവനക്കാർക്കുള്ള മാർഗ്ഗരേഖയും" അടങ്ങിയ പുസ്തകം സ്റ്റാളിൽ നിന്നും ലഭ്യമാണ്. വില 30 രൂപ

ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ട് നിങ്ങളുടെ സ്വന്തം ഡയറക്ടറച്ചൻ.

**തിരുനാളാശംസകൾ :** വി. ഗീവർഗ്ഗീസിന്റെ നാമധാരിയായ ഞങ്ങളുടെ സ്നേഹ ബഹുമാനപ്പെട്ട ഡയറക്ടറച്ചൻ ഫാ. ജോബി തെക്കിനേടത്തിന് മതബോധന കുടുംബാംഗങ്ങളുടെ തിരുനാൾ മംഗളങ്ങളും ദൈവാനുഗ്രഹങ്ങളും.

**ഫാ. ജോബി തെക്കിനേടത്ത്,** ഡയറക്ടർ

# ഫാമിലി അപ്പോസ്റ്റലേറ്റ്

– ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ബേസിക് കൗൺസലിംഗ് കോഴ്സിൽ പങ്കെടുക്കുന്നവർ, പഠനത്തിന്റെ ഭാഗമായി വിശ്വാസപുരം ലിസ്യു B.Ed കോളേജിൽ Wellness Programme സംഘടിപ്പിക്കുകയുണ്ടായി. Adv. Reena, Dr. Solomon, Mrs. Geetha, Fr. George എന്നിവർ സെമിനാർ നയിച്ചു. Steffi സ്വാഗതവും, Mrs. Anuja നന്ദിയും പറഞ്ഞു. പ്രിൻസിപ്പാൾ മേഴ്സി ജോൺസൺ എല്ലാം ഭംഗിയായി ക്രമപ്പെടുത്തി.

ബേസിക് കൗൺസിലിംഗ് കോഴ്സിന്റെ യൂണിവേഴ്സിറ്റി പരീക്ഷ പാലക്കാട് കൗൺസലിംഗ് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. 35 പേർ Exam, Project Presentation എന്നിവയിൽ പങ്കാളികളായി.

അടുത്തവർഷം കൗൺസലിംഗ് കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മെയ് മാസത്തിനുമുമ്പ് ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് ചെറുവത്തൂരുമായി ബന്ധപ്പെടുക. ഫോൺ – 9495884789, 9447468387

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

2000–2016 കാലഘട്ടത്തിൽ വിവാഹിതരായ ദമ്പതികൾക്കായി 2 സ്ഥലങ്ങളിൽ പോസ്റ്റ് കാന കോഴ്സ് നടത്തി. ഫെബ്രുവരി 25 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിമുതൽ 6.00 മണിവരെ കൗണ്ടംപാളയം പള്ളിയിൽ വെച്ച് നടന്ന പോസ്റ്റ് കാന കോഴ്സിൽ, കൗണ്ടംപാളയം (36), കാരമട (6), മേട്ടുപാളയം (10), പെരിയനായ്ക്കം പാളയം (6) എന്നിങ്ങനെ 58 ദമ്പതികൾ പങ്കെടുത്തു. അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് ദിവ്യബലി അർപ്പിക്കുകയും സി. നിർമ്മല സി.എച്ച്.എഫ്. സെമിനാർ നയിക്കുകയും ചെയ്തു.

ഗാന്ധിപുരം പള്ളിയിൽ വെച്ച് മാർച്ച് 4 ഞായറാഴ്ച 9.00 മണിമുതൽ 2.00മണിവരെ പോസ്റ്റ് കാന കോഴ്സ് നടത്തപ്പെട്ടു. ഇടയാർപാളയം (20) ഗാന്ധിപുരം (40), അത്തിപ്പാളയം (34), സായിബാബ കോളനി (4), വിശ്വാസപുരം (24), അന്നൂർ (2) എന്നിങ്ങനെ 124 പേർ പങ്കെടുത്തു. 11.30ന് അഭിവന്ദ്യ പിതാവ് ദിവ്യബലി അർപ്പിച്ചു. സി. നിർമല സി.എച്ച്.എഫ്. ദമ്പതികൾക്കായി ക്ലാസ്സ് നടത്തി. സ്നേഹവിരുന്നോടെ പരിപാടികൾ അവസാനിച്ചു.

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



# നവീകരണ മുന്നേറ്റം

- രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഏപ്രിൽ മാസത്തിലെ ഏകദിനധ്യാനം ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദേവാലയത്തിൽ പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. ഏപ്രിൽ 7 മാസാദ്യ ശനിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ധ്യാനം അവസാനിക്കുന്നു. ഈ ദിവസത്തെ ധ്യാനം ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് ബ്ര. ആന്റണി കൊല്ലം. ഏകദിന ധ്യാനത്തിൽ പങ്കുചേരാനും സാധിക്കുന്നിടത്തോളം ദൈവമക്കളെ കൂട്ടി കൊണ്ടുവരുവാനും എല്ലാവരും പരിശ്രമിക്കുമല്ലോ.
- ഏപ്രിൽ മാസം ജാഗരണ പ്രാർത്ഥന 13–ാം തീയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് 14–ാം തീയതി ശനിയാഴ്ച പുലർച്ചെ 2.00 മണിക്ക് അവസാനിക്കുന്നു. അന്നത്തെ ശുശ്രൂഷയ്ക്കായി വരുന്നത് ബ്ര. ജോൺപോൾ, കോട്ടയം ആയിരിക്കും.

രാത്രിയാമങ്ങളിൽ കർത്താവിനോടൊപ്പം പ്രാർത്ഥനയിൽ വ്യാപരിച്ച് ദൈവകൃപയ്ക്ക് അർഹരാകാം. ഏവർക്കും ഉയിർപ്പ് തിരുനാൾ മംഗളങ്ങൾ.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

**നന്ദിയുടെ നറുമലരുകൾ :** കഴിഞ്ഞവർഷങ്ങളിൽ രൂപതാ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. തോമസ് കാവുങ്കലച്ചനും അസി. ഡയറക്ടർ ബഹു. ജെയിംസ് എളമ്പാശ്ശേരിയച്ചനും മാതൃവേദിയുടെ നന്ദിയും പ്രാർത്ഥനകളും. രാമനാഥപുരം കത്തീഡ്രലിൽ വച്ച് മാർച്ച് 3 ശനിയാഴ്ച രാവിലെ 10.15ന് ഇടവകതലത്തിൽ നടത്തിയ മരിയൻക്വിസ് വിജയികളിൽ നിന്നുള്ള 3 അംഗങ്ങളെ ഉൾപ്പെടുത്തി ഫൊറോനതല ക്വിസ് മത്സരം ആരംഭിച്ചു. 17 ഇടവകകളിൽ നിന്നും മാതൃവേദി അംഗങ്ങൾ പങ്കുചേർന്നു. ഓരോ ഫൊറോനയിൽ നിന്ന് 5 പേർ ഉൾപ്പെടുന്ന ഒരു ടീമായിരുന്ന രൂപതാതല മത്സരത്തിൽ മാറ്റുരച്ചത്. രാമനാഥപുരം ഫൊറോന ഒന്നാംസ്ഥാനവും ഗാന്ധിപുരം ഫൊറോന രണ്ടാംസ്ഥാനവും ഈറോഡ് ഫൊറോന മൂന്നാംസ്ഥാനവും കരസ്ഥമാക്കി. സമ്മാനദാനം അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. പുതുതായി ചാർജ്ജെടുത്ത ഡയറക്ടറെയും അസി. ഡയറക്ടറെയും പൊന്നാട അണിയിച്ച് സ്വീകരിച്ചു. ചെറുകഥാ മത്സരത്തിലും റിപ്പോർട്ടിനും രൂപതാതലത്തിൽ ഏർപ്പെടുത്തിയ സമ്മാനങ്ങൾ പിതാവ് വിതരണം ചെയ്തു. സ്ഥാനമൊഴിഞ്ഞ ഡയറക്ടർ ഫാ. തോമസ് കാവുങ്കലിനെ പിതാവ് പൊന്നാടയണിയിച്ചു. മാതൃവേദി രൂപതാ ഭാരവാഹികൾ ഉപഹാരം നൽകി. സ്നേഹവിരുന്നിനുശേഷം മീറ്റിങ്ങ് പര്യവസാനിച്ചു. മരിയൻ ക്വിസ് എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ആദ്യവസാനം നേതൃത്വം നൽകിയ തോമസച്ചനും, രൂപതാ ആനിമേറ്റർ, രൂപതാഭാരവാഹികൾ, മാതൃവേദിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, ആനിമേറ്റേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി.

**ഫാ. ഷിന്റോ പാറയിൽ,** ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ്

രൂപതയിലെ വിവിധ യൂണിറ്റുകൾ ഒന്നിച്ചുകൂടി രൂപതക്ക് പുതുതായി അജപാലനത്തിന് ലഭിച്ചിരിക്കുന്ന സ്ഥലങ്ങളിൽ എന്തെല്ലാം രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുമെന്ന് ചിന്തിച്ച് ഒരു റിപ്പോർട്ട് ഏപ്രിൽ 30ന് മുൻപ് രൂപതാ ഓഫീസിലേക്ക് അയച്ചുതരിക.

**ഫാ. തോമസ് കാവുങ്കൽ,** ഡയറക്ടർ



# എസ്.എം.വൈ.എം.

**ഫുട്ബോൾ ടൂർണ്ണമെന്റ്** : മാർച്ച് 4, 11 എന്നീ ദിനങ്ങളിൽ കുനിയമുത്തൂർ നിർമ്മലമാത സ്കൂളിൽ വെച്ച് നടത്തപ്പെട്ട രൂപതാ ഫുട്ബോൾ ടൂർണ്ണമെന്റിൽ മൊത്തം 13 യൂണിറ്റുകൾ പങ്കെടുത്തു. പങ്കെടുത്ത യൂണിറ്റംഗങ്ങൾക്കും ഇവരെ പ്രോത്സാഹിപ്പിച്ച വികാരിയച്ചന്മാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ നേരുന്നു.

മാർച്ച് 11 ഞായറാഴ്ച കുനിയമുത്തൂർ നിർമ്മലമാത സ്കൂളിൽ വെച്ച് സെമി ഫൈനലും ഫൈനലും നടത്തപ്പെടുകയുണ്ടായി. ഇതിൽ സമ്മാനാർഹരായ ടീമുകളെ താഴെ ചേർക്കുന്നു.

1. St. Joseph church, Kovundampalayam - Ist prize
2. St. Clotilda church, Podannur - 2nd prize
3. St. Thomas church, Sulur - 3rd prize

സമ്മാനാർഹരായ ടീം അംഗങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

- ഏപ്രിൽ 14 വൈകുന്നേരം 5.30ന് അൽവേർണിയ സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്ന ബൈബിൾ ദൃശ്യാവതരണ മത്സരത്തിൽ ഇനിയും പേര് നല്കാത്തവർ ഭാരവാഹികളെ വിളിച്ച് രജിസ്ട്രേഷൻ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. നിയമങ്ങളുടെ വിശദാംശങ്ങൾ കഴിഞ്ഞമാസത്തെ പ്രസിദ്ധീകരണത്തിൽ നല്കിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.
- ഏവർക്കും ഹൃദയം നിറഞ്ഞ ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

**ഫാ. ബിജോ പാലായിൽ,** ഡയറക്ടർ

# സാന്തോം ക്രിയേഷൻസ്

സാന്തോം ക്രിയേഷന്റെ ജനറൽബോഡി 20.03.18 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് നടന്നു. പിതാവ് മാർ പോൾ ആലപ്പാട്ട് അദ്ധ്യക്ഷതവഹിച്ചു. ഡയറക്ടർ ഫാ. പോൽ പുലിക്കോട്ടിൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് കമ്പനിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. എല്ലാ കാര്യങ്ങളും സമയ നിഷ്ഠയോടെയും കൃത്യമായും പോകണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. എല്ലാവർക്കും ഉത്ഥാനതിരുനാളിന്റെ ആശംസകൾ നേർന്നു. ഓർഡറുകളെയും കമ്പനിയും അവസ്ഥകളെയും കുറിച്ച് ജനറൽ മാനജർ സംസാരിച്ചു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. പോൾ പുലിക്കോട്ടിൽ,** ഡയറക്ടർ



# വൊക്കേഷൻ ബ്യൂറോ

*"You did not choose me, but I chose you......"(Jn.15:16)*

## THE EPARCHY OF RAMANATHAPURAM

**VOCATION WEEK OBSERVANCE (23-28, April 2018)**
**VOCATION CAMP (21-24, April 2018)**



"Vocation is a Challenge! Are you bold enough to come with me?"
The Singer of love of Palestine calls....

# "COME & FOLLOW-2018"

## (Vocation Camp)

**St. Mary's Minor Seminary (ForBoys), Vadakkukad, Pollachi**
*led by* **Fr. Dibin Aluvassery V.C & Seminarians**
**Nirmala Matha Hr. Sec. School, Kuniamuthur (For Girls)**
*led by* **Fr. Alwin Thanickal C.M.I & Sisters**

**Starts at 4.30pm on 21st April and ends at 10.30am on 24th April**

**Points for Attention:**

a) The Parish Priests, the Asst. Parish Priests, the religious, Seminarians, Catechism teachers and parents are requested to send boys and girls who have completed X, XII classes and the above.
b) Registration Fee is **Rs.100/-per head.**
c) Bible, pen, notebook, blanket and toilet articles are to be brought by the participants.
d) The Priests, brothers and sisters of the religious communities doing ministry in the Eparchy will have opportunity to address the participants at 2.00pm on Monday the 23rd April in the respective places of the Camp.
e) If any one of those, who would like to join the Minor Seminary this year, is unable to attend this three days' camp he should inform it to Rev. Fr. Joy Chittilappily, Rector of the Seminary before 15th April.
f) Religious Communities are not allowed to conduct their own vocation camps before this Eparchial common orientation.

---

**To discern the way...To embrace Jesus, the Life...**
**To understand Jesus, the Truth... And to witness His Love**
**Jesus Himself invites you!!!**
**Prayer and guidance are essential for choosing the most fitting state of life.**

# PRAYER & FAST PROGRAMME

## From 23rd-28th April 2018 at Holy Trinity Cathedral, Ramanathapuram

"...the harvest is plentiful, but the labourers are few:pray therefore the Lord of the harvest to send out labourers into His harvest" (Mt9:37-38).

a) ***The Inaugural Day*** (Monday 23-04-2018) Theme for Reflection: **"Family, the stream of vocation"**
09.30am: Holy Mass and Message: ***Msgr. George Narikkuzhi***
11.00am - 03.00pm: Adoration; 12.30-01.00pm Message: ***Fr. Jophin Kuruavamackal CST***
***Those who are to lead:*** ***MST, FCC (Ramanathapuram Forane), SABS, Mathrusangam***
***Others to Participate:*** Eparchial Priests, local Superiors of the Religious Communities, Faithful of the Parish: Ramanathapuram, Edayapalayam & Pithrusangam (Ramanathapuram forane parishes)

b) 2nd Day (Tuesday, 24. 04. 2018) Theme for Reflection: **"Vocation, the flowering of the family"**
09.30am - 03.00pm: Adoration: 12. 30 - 01.00pm Message: ***Sr. Theresa John FCC***
***Those who are to lead:*** ***SKD, CSM, FCC (Gandhipuram forane), CYM Office beareres of Gandhipuram forane***
***Others to Participate:*** The Parishes: Viswasapuram, Kavundampalayam, Gandhipuram, Valparai, Dharapuram & Pithurusangam (Gandhipuram forane parishes)

c) 3rd Day (Wednesday 25. 04. 2018) Theme for Reflection **"Vocation, the gift of God"**
09.30am - 03.00pm: Adoration: 12.30 - 01.00pm Message: ***Br. Jose Chungath MMB***
***Those who are to lead:*** ***CMI, FCC(ErodeForane), CSC, CYM office bearers of Erode Forane***
Pithrusangam-Erode forane parishes, Mathrusangam -Erode forane parishes
***Others to Participate:*** Parishes: Erode, Pallipalayam, Palladam, Kangayam, Karur, Chennimalai, Sasthri Nagar

d) 4th Day (Thursday 26. 04. 2018) Theme for Reflection **"Vocation,to be with Jesus"**
09.30am - 03.00pm: Adoration;12.30-01.00pmMessage: ***Mrs. Deepa Biju***
***Those who are to lead:*** ***VC, CHF, ASMI***
***Others to Participate:*** Parishes: Ukkadam, Karunyamatha Chapel, Kuniamuthur, Poomarket, Vadavalli

e) 5th Day (Friday 27. 04. 2018) Theme for reflection **"Vocation, to be sent forth"**
09.30am - 03.00pm: Adoration: 12.30-01.00pm Message: ***Mr. E.R. George***
***Those who are to lead:*** ***CMC, OFM Con, LSMS, MMB, Mathrusangam Gandhipuram Forane.***
***Others to Participate:*** Parishes: Saibaba Colony, Periyanaikanpalayam, Tirupur, Udumalpet.

f) 6th Day (Saturday 28. 04. 2018): Theme for reflection **"Vocation to be broken and shared"**
09.30am - 02.00pm: Adoration: 12.30 - 01.00pm Message: ***Mr. Vimith Varghese***
***Those who are to lead:*** ***CSS , Jesus Youth & CYM Office beareres of Ramanathapuram Forane***
***Others to Participate:*** Parishes: Pollachi, Karamadai, Mettupalayam, Podanur, Suleswarampatty, *Salem, Trichy, Sulur, Podanur and the Students of Karunya Institute.*

**1:30 - 2:30 pm. Holy Hour (Led by the Major Seminarians of the Eparchy)**
**2:45pm: Concluding Holy Mass and Message: Mar Paul Alappatt, Bishop of Ramanathapuram**
***Others to Participate:*** The Eparchial Major & Minor Seminarians,the Priests of the Eparchy, including the Religious, besides the Regional Superiors, three members each from each religious house, parents or guardians of priests, the religious, the seminarians and the religious candidates, Catechism teachers of the Eparchy, the Office bearers of Pithrusangam, Mathrusangam and CYM in the parish, Forane, and Eparchial levels, the Catechism students of X,XII classes and their parents.

Your presence, Prayers and Co - operation are earnestly requested for the success of the Eparchial **Vocation Camp** and the **"Prayer and Fast Programme"** of the Vocation Week.

| | | |
|---|---|---|
| **Fr.Joy Chittilappilly**<br>Eparchial Vocation Director | **Mar Paul Alappatt**<br>Bishop of Ramanathapuram | **Msgr. George Narikuzhi**<br>Vicar General |

# എന്റെ ദൈവവിളി

## "ഇതാ കർത്താവിന്റെ ദാസി"

സംഖ്യ 16:9 "കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് സേവനം ചെയ്യാനും ഇസ്രായേലിന്റെ ദൈവം നിന്നെ തിരഞ്ഞെടുത്തത് നിസ്സാരമായ കാര്യമാണോ?"

എന്റെ ദൈവവിളി മുളയെടുത്തത് എന്റെ ഇടവകയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിലൂടെയാണ്. എന്റെ വീട്ടിൽ വൈദികരും സിസ്റ്റേഴ്സും കടന്നുവരുമ്പോൾ എന്റെ മാതാപിതാക്കൾ അവരെ ഹൃദ്യമായി സ്വീകരിക്കുന്നത് കണ്ടിട്ടുണ്ട്. അവരോട് സംസാരിക്കുന്നതും പെരുമാറുന്നതും വളരെ ബഹുമാനത്തോടും ആദരവോടും കൂടിയാണ്. വീട്ടിൽ വലിയൊരു സ്ഥാനമാണ് അവർക്കുള്ളത്. എല്ലാ കാര്യങ്ങളും അവരോട് തുറന്നു സംസാരിക്കുന്നതും സമാധാനം അനുഭവിക്കുന്നതും ഞാൻ എന്റെ മാതാപിതാക്കന്മാരിൽ നിന്നും കണ്ടുപഠിച്ചു. കുടുംബ പ്രാർത്ഥനയിൽ ഇവർക്കുവേണ്ടി എന്നും പ്രാർത്ഥിക്കുന്നത് എന്നെ ചിന്തിപ്പിച്ചിട്ടുണ്ട്. അവരോട് ഒരു കാര്യം പ്രാർത്ഥിക്കണമെന്നു പറഞ്ഞാൽ അത് സാധ്യമാകുന്നതും കണ്ടിട്ടുണ്ട്.

ഒരു വീട്ടിൽ ഒരു വൈദികനോ, സിസ്റ്ററോ ഉണ്ടെങ്കിൽ ആ കുടുംബത്തെ ഈശോ പ്രത്യേകം അനുഗ്രഹിക്കുന്നതാണെന്നു കേട്ടു ഞാൻ വളർന്നു. ഈശോയ്ക്ക് ഇഷ്ടപ്പെട്ടവരെയാണ് ഈശോ വിളിക്കുന്നതെന്ന് അമ്മച്ചി പറഞ്ഞുതരും. ഉള്ളിൽ വലിയ ആഗ്രഹമായി ഒരു സിസ്റ്റർ ആകണമെന്ന്. പക്ഷെ കഴിവുകൾ വേണ്ടത്ര ഇല്ല എന്ന ചിന്ത എന്നെ നിരാശപ്പെടുത്താൻ തുടങ്ങി. എന്നാൽ എന്റെ സഹോദരിമാർ എന്റെ ആഗ്രഹം മനസ്സിലാക്കി, വേണ്ട പ്രോത്സാഹനം നൽകി ഞാൻ മഠത്തിൽ ചേർന്നു. എന്റെ കുറവുകളെല്ലാം നിറവുകളാക്കി വിളിച്ചവൻ എന്നെ കൈപിടിച്ചു നടത്തി. എന്നെ തിരഞ്ഞെടുത്തത് നിസ്സാരമായ കാര്യമല്ല എന്ന് എനിക്കു മനസ്സിലായി. എപ്പോഴും അത് എന്നെ ഓർമ്മപ്പെടുത്തുന്നു. ഈശോയുടെ സക്രാരിയുടെ കാവൽക്കാരിയാകാൻ, ഈശോയുടെ ഭവനത്തിൽ എന്നും വസിക്കാൻ, ഈശോയുടേതെന്ന് അറിയപ്പെടാൻ, എന്നെ സംതൃപ്തിയോടും ആനന്ദത്തോടും കൂടി ജീവിക്കാൻ അനുഗ്രഹിച്ച നാഥന് നന്ദിയോടെ എന്നെ പൂർണ്ണമായും സമർപ്പിക്കുന്നു.

**Sr. Anat SKD**



# എസ്. എം. ആർ. സി.

പൊള്ളാച്ചി ആരോഗ്യമാതാ സ്കൂളിലെ ഓഡിറ്റോറിയത്തിന്റെ വെഞ്ചിരിപ്പ് മാർ പോൾ ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. ഓഡിറ്റോറിയത്തിൽ പിതാവിനോടൊപ്പം Rev. Fr. Sabu Pallai CMI യും സെമിനാരി റെക്ടർ Rev. Fr. Joy Chittilappilly യും Vicar Rev. Fr. Thomas Kavungal ഉം സഹകാർമ്മികരായി. ദിവ്യബലിക്കുശേഷം +2 കുട്ടികൾക്കുവേണ്ടി പിതാവ് അനുഗ്രഹ പ്രാർത്ഥന നടത്തി. വിജയാശംസകൾ നേർന്നു. ഈ വെഞ്ചിരിപ്പ് പരിപാടിയിൽ ഇടവക ജനങ്ങളും, ടീച്ചേഴ്സും, കുട്ടികളും, മാതാപിതാക്കളും, സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. അന്നു തന്നെ വൈകിട്ട് സ്കൂളിന്റെ അവാർഡ് ഡേയും അതിനോടൊപ്പം 31 വർഷം ഇവിടെ അധ്യാപികയായിരുന്ന Mrs. Annie Ancel ന്റെയും 26 വർഷം അധ്യാപികയായിരുന്ന Mrs. Rosily Joseph ന്റേയും Retirement ഉം കൊണ്ടാടി. Sr. Anny Maria അദ്ധ്യക്ഷം വഹിച്ചു.

# MEDICAL FRATERNITY

## Report on Observance of the World Day of the Sick in the Eparchy & Medical camp

The World Day of the Sick (*Rogidinam*) in the eparchy was organized by the Medical Fraternity on Sunday, the 18th February at Loured Matha Forane church, Erode . The *Rogidinam* started with a Holy Qurbana presided over by Bishop Paul Alappatt . After the Holy Mass annual day celebration of the Medical Fraternity and medical awareness & camp were conducted in the parish hall .

The annual day celebration started with a prayer dance staged by the Christu Jyothi school children. Fr Dipu Vallikunel, the Parish priest, welcomed the gathering. Thereafter, Sr. Sudeeba, CMC, the Secretary of the Medical Fraternity presented its annual report. Director of the Medical Fraternity Fr Johnson Veeppattuparambil briefed about the importance and service of medical fraternity.

The medical camp started by 11 am and it was inaugurated by Bishop Paul Alappatt. Dr. Ajith Shinto, the President, gave an

orientation class regarding Thyroid diseases and Dr. Jacob Raymond spoke on cardiac diseases . Free thyroid blood tests were done by Thyro care to the required patients . Thyroid test was done for 63 patients and free ECG was done for 22 patients by Christu Jyothi Hospital and these patients were given medical guidance on their health and diet. The medical camp was attended by 146 patients.

The medical fraternity team after the medical camp visited "Udayam", a Shelter for the Mentally Challenged children, owned and run by Preshita Province of CMI at Chennimalai (Erode) .

We take this opportunity to thank "Thyro care", Christu Jyothi Hospital, Fr. Dipu Vallikunel, Fr Prathap Thuruthumaly, CMI, Kaikarans Mr Thomas Kakasaery, Mr. Thomas Mechery and Mr. Johnson Mundadan and especially Mr. Vincent d' Silva for arranging a grand lunch for the medical team. On behalf of the Medical fraternity we thank Sr. Dr. Jees Rose, FCC, Dr. Soffy, Dr. Biju and Mr. Johnson and Medical Fraternity, Erode, Mathursangam, Pithuruvedi and SMYM team for arranging sound system and stage and also the parishioners and patients for their presence and cooperation in this regard.

We also thank Sr. Maria George, FCC, Principal, Christu Jyothi School, Sr. Emily, FCC of Jyothi Bhavan Convent for their support and cooperation for the entire function .

**TOPIC - Oral health: A window to your overall health**

Taking good care of your mouth, teeth and gums is a worthy goal in and of itself. Good oral and dental hygiene can help prevent bad breath, tooth decay and gum disease and can help you keep your teeth as you get older. Understand the importance of oral health and its connection to your overall health.

**Why is it important to have good oral hygiene?**

Good oral hygiene helps to prevent dental problems - mainly plaque and tartar (calculus) which are the main causes of gum disease and caries (tooth decay). Dental plaque is a soft whitish deposit that forms on the surface of teeth.

**How does dental hygiene affect your health?**

Normally the body's natural defences and good oral health care, such as daily brushing and flossing, can keep these bacteria under

control. However, without proper oral hygiene, bacteria can reach levels that might lead to oral infections and other systemic diseases (Diabetes, cardio vascular diseases etc.)


**What is oral care?**

Oral hygiene is the practice of keeping the mouth and teeth clean to prevent dental problems, most commonly, dental cavities, gingivitis, periodontal (gum) diseases and bad breath. There are also oral pathologic conditions in which good oral hygiene is required for healing and regeneration of the oral tissues.

**Why are dentists so important?**

Regular dental visits are important because they help to keep your teeth and gums healthy. During the check-up, your dental professional will check your overall oral health for any trouble areas. During the cleaning, your dental professional will remove any plaque and tartar build up and may polish your teeth

Dr. M.J. Mathew, MDS
Dr. Neena Mathew, MDS




Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary



**Bishop Paul Alappatt with the Syro-Malabar faithful & First Eucharistic celebration in Kodaikanal**



# പാസ്റ്ററൽ കൗൺസിൽ

## 4-ാം പാസ്റ്ററൽ കൗൺസിൽ - 4-ാം സമ്മേളന റിപ്പോർട്ട് (10.03.2018)

രാമനാഥപുരം രൂപതയുടെ 4-ാം പാസ്റ്ററൽ കൗൺസിൽ 4-ാമത് സമ്മേളനം 2018 മാർച്ച് 10-ാം തീയതി ഉച്ചയ്ക്കുശേഷം 2 മണിക്ക് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോൾ ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ ഹോളിട്രിനിറ്റി കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് തൊട്ടിപ്പാളയം ജീവൻ ജ്യോതി സെന്ററിന്റെ പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ചു. രൂപതാ വികാരിജനറാൾ മോൺ. ജോർജ്ജ് നരിക്കുഴി ഏവർക്കും സ്വാഗതം ആശംസിക്കുകയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി 3-ാം സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

രാമനാഥപുരം രൂപതയിലേക്ക് പുതുതായി ചേർക്കപ്പെട്ട സേലം, ട്രിച്ചി, തഞ്ചാവൂർ, ഡിണ്ടിഗൽ, ഒട്ടൻചിത്രം മേഖലകളിൽനിന്നും എത്തിച്ചേർന്ന വൈദികരുൾപ്പെടെയുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. തോമസ് കാവുങ്കൽ സമ്മേളനത്തിലേയ്ക്ക് സ്വാഗതം ചെയ്യുകയും, അഭിവന്ദ്യ പിതാവ് പൂക്കൾ നല്കി സ്വീകരിക്കുകയും ചെയ്തു.

തുടർന്ന്, ഷംഷബാദ് രൂപതാ വികാരിജനറാൾ മോൺ. ഡോ. ഫ്രാൻസിസ് എലുവത്തിങ്കൽ "രാമനാഥപുരം രൂപതയുടെ അതിർത്തി വികസനം: വെല്ലുവിളികളും സാദ്ധ്യതകളും" എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു.

സീറോമലബാർ സഭ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായതിന്റെ രജതജൂബിലി ആഘോഷിക്കുന്ന വർഷം തന്നെ സഭയ്ക്കു ഇന്ത്യ മുഴുവനിലും അജപാലന ശുശ്രൂഷയ്ക്കും സുവിശേഷവല്ക്കരണത്തിനുമുള്ള അവകാശം തിരിച്ചുകിട്ടിയതും അതിന്റെ ഭാഗമായി രാമനാഥപുരം രൂപതയുടെ അതിർത്തി വികസിതമായതും ദൈവപരിപാലനയായിട്ടേ കാണാൻ കഴിയൂ. ഈ പശ്ചാത്തലത്തിൽ, രാമനാഥപുരം രൂപത ഈ വിഷയത്തെപ്പറ്റി കൗൺസിൽ കൂടി പഠിക്കുന്നത് ഏറെ അഭിനന്ദനാർഹാമാണെന്ന് പറഞ്ഞു. ബഹു. എലുവുത്തിങ്കിലച്ചൻ ക്ലാസ്സിനു തുടക്കം കുറിച്ചു. ഭാരതം മുഴുവനും അജപാലന ശുശ്രൂഷയും, സുവിശേഷ പ്രഘോഷണവും നടത്തുവാനുള്ള അധികാരം സീറോമലബാർ സഭയ്ക്ക് ലഭിച്ചതോടൊപ്പം, നമ്മുടെ രൂപത 14 ജില്ലകളിലായി വിസ്തൃതമാക്കപ്പെട്ടതിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വം ചെറുതല്ല. സുവിശേഷവത്കരണവും, അജപാലനവും ഓരോ പ്രവാസിയുടെയും ജീവിത ദൗത്യമായികരുതണം. ഇന്ത്യയിലെ മൂന്ന് വ്യക്തി

സഭകളിൽ വച്ച് സീറോമലബാർ സഭയ്ക്ക് കൂടുതൽ ഉത്തരവാദിത്വം ഈ രംഗത്തുണ്ട്. ഈ ദൗത്യം സാക്ഷാത്കരിക്കുവാൻ താഴെ പറയുന്ന പ്രത്യേക നിർദ്ദേശങ്ങൾ അദ്ദേഹം പാസ്റ്ററൽ കൗൺസിലിന് നല്കി:

1. എല്ലാ ജില്ലകളിലും, താലൂക്കുകളിലും, പഞ്ചായത്തുകളിലും ക്രൈസ്തവ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാനായി, പ്രാദേശിക സ്വഭാവത്തെക്കുറിച്ച് സമഗ്ര പഠനവും പദ്ധതികളും തയ്യാറാക്കണം.
2. അജപാലന ശുശ്രൂഷയ്ക്ക് ആവശ്യമായ സംവിധാനങ്ങൾക്ക് മുൻഗണന നല്കണം.
3. മറ്റു ക്രൈസ്തവസഭകളുടെ സാന്നിദ്ധ്യം മനസ്സിലാക്കി അവരുമായി ഒന്നു ചേർന്ന് പ്രവർത്തിക്കാവുന്ന മേഖല തിരിച്ചറിയണം.
4. ക്രൈസ്തവ സാന്നിദ്ധ്യമില്ലാത്ത മേഖലകൾക്ക് മുൻഗണന നല്കണം.
5. സീറോ മലബാർ സഭയിലെ മറ്റു രൂപതകളുടെയും സന്യാസ സമൂഹങ്ങളുടെയും സഹകരണത്തോടുകൂടി മെച്ചപ്പെട്ട രീതിയിൽ കർമ്മപരിപാടികൾ പ്രായോഗികമാക്കണം. സിനഡിന് കൂടുതൽ അധികാരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
6. സ്ഥാപനങ്ങൾ നടത്തുന്നതിനുപരിയായി, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കണം.
7. സുവിശേഷവത്ക്കരണ രംഗത്ത് ഛാന്ദാ, അദിലാബാദ് രൂപതകളിൽ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾ (നേരിട്ടുള്ള സുവിശേഷ പ്രഘോഷണം) അനുകരിക്കാവുന്നതാണ്.
8. വിവിധ പദ്ധതികൾ ക്രോഡീകരിച്ചു നടപ്പിൽ വരുത്തുവാൻ മികവുറ്റ വൈദിക, സന്യാസ, അൽമായ പരിശീലനങ്ങൾ നടത്തണം.
9. ദീർഘകാല ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കണം. വി. കൊച്ചുത്രേസ്യായുടെ തിരുനാളായ ഒക്ടോബർ 1 മുതൽ 2019 ഡിസംബർ 31 വരെ "മിഷൻ ഇയർ" ആയി പ്രഖ്യാപിച്ച് ഈ യജ്ഞത്തെ ഒരു വെല്ലുവിളിയായി ഏവരും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം ചർച്ചകൾ ഉപസംഹരിച്ചു.

തുടർന്ന് വിവിധ ഫൊറോനകൾ, സംഘടനകൾ, സന്യാസഭവനങ്ങൾ, മൈനർ സെമിനാരി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഈ വിഷയത്തെക്കുറിച്ച് നടത്തിയ ചർച്ചകളുടെ സംക്ഷിപ്ത റിപ്പോർട്ട് അജണ്ടാ കമ്മിറ്റിയംഗങ്ങളായ സി. നിർമ്മല സി.എച്ച്.എഫ്., ശ്രീമതി ഗീത എ.ജെ. എന്നിവർ സമ്മേളനത്തിൽ അവതരിപ്പിച്ചു. അംഗങ്ങളുടെ വിവിധ ചോദ്യങ്ങൾക്ക് ബഹു. എലുവത്തിങ്കലച്ചൻ താഴെപറയുന്ന രീതിയിൽ മറുപടി നല്കി:

1. ഭാരതം മുഴുവൻ സുവിശേഷവത്കരണം നടത്തുവാൻ സീറോമലബാർ സഭയ്ക്ക് മറ്റു സഭകളേക്കാൾ കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നും, മൂന്നു സഭകൾ ഒരുമിച്ചു പ്രവർത്തിക്കുന്ന കേരളത്തിന്റെ മാതൃക ഇന്ത്യമുഴുവൻ നടപ്പാക്കാവുന്നതാണെന്നുമുള്ള പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ

ലത്തീൻ സഭയുമായി യോജിച്ചു പ്രവർത്തിക്കേണ്ട മേഖലകൾ കണ്ടെത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

2. ഷംഷാബാദ് രൂപത ഏതാണ്ട് 75 ലത്തീൻ രൂപതകളുമായി അതിർത്തി പങ്കിടുന്നു. രാമനാഥപുരം രൂപതയ്ക്ക് തമിഴ്നാട്ടിലെ 7 ലത്തീൻ രൂപതകളുമായി വ്യക്തമായ രൂപരേഖകളുടെ അടിസ്ഥാനത്തിൽ സഹകരിക്കാവുന്നതാണ്. ഉദാ. a. വിശ്വാസികളുടെ ആത്മീയ കാര്യങ്ങളുടെ ഉത്തരവാദിത്വം. b. ആരാധനയ്ക്കായി ഉപയോഗിക്കാവുന്ന സ്ഥലങ്ങൾ. c. ഒരുമിച്ചു നടത്താവുന്ന ആഘോഷങ്ങളും പ്രാർത്ഥനാ കൂട്ടായ്മകളും.
3. മറ്റു ക്രൈസ്തവ വിഭാഗങ്ങളുമായുള്ള പൊതുസഹകരണം ഇപ്പോഴത്തെ സാഹചര്യത്തിൽ ഓർത്തഡോക്സ് യാക്കോബായ, മർത്തോമ്മാ, സി.എസ്.ഐ. മുതലായ എപ്പിസ്കോപ്പൽ സഭകളുമായി നടത്താവുന്നതാണ്.
4. വലതുപക്ഷ, മതതീവ്രവാദ സംഘടനകളുടെ എതിർപ്പിനെ അവഗണിച്ച് സുവിശേഷവത്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കില്ല എന്ന ചിന്തയിൽ മാറ്റമുണ്ടാകണം. ഭയപ്പാടോടുകൂടി നടത്തേണ്ടതല്ല സുവിശേഷവത്ക്കരണം.
5. അദിലാബാദ്, ഛാന്ദാ മാതൃകയിൽ സുവിശേഷവത്കരണം നടത്താവുന്നതാണ്. ഈ പ്രദേശങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന കൺവെൻഷനുകളിൽ 10% മാത്രമാണ് ക്രൈസ്തവസാന്നിദ്ധ്യം. "ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനുള്ള...." ആഹ്വാനമനുസരിച്ച് ഇന്ത്യയിലെ 97% വരുന്ന ജനങ്ങൾക്ക് ക്രിസ്തുവിനെ അറിയുവാനുള്ള അവകാശം നമുക്ക് നിഷേധിക്കുവാൻ സാധിക്കുകയില്ല.
6. വിശ്വാസികളായ നാം എവിടെ ആയിരിക്കുന്നുവോ അവിടെയായിരിക്കണം നാം സുവിശേഷം പ്രഘോഷിക്കേണ്ടതും പ്രവർത്തിക്കേണ്ടതും.

സീറോ അവറിൽ പ്രത്യേകം ചോദ്യങ്ങളൊന്നും ഇല്ലായിരുന്നു.

അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ താഴെപറയുന്ന കാര്യങ്ങൾ അറിയിച്ചു:

1. രൂപതയോട് പുതുതായി ചേർക്കപ്പെട്ട പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.
2. രൂപതയ്ക്കുവേണ്ടിയുള്ള കാറോസൂസാ പ്രാർത്ഥന എല്ലാ ദിവസവും വി. കുർബാനയിൽ ചൊല്ലേണ്ടതും, ജപമാലയുടെ അഞ്ചാം രഹസ്യം രൂപതയ്ക്കുവേണ്ടി സമർപ്പിച്ചു പ്രാർത്ഥിക്കേണ്ടതുമാണ്.
3. നിലവിലുള്ള പള്ളികളിൽ കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകൾ രൂപീകരിക്കണം. രൂപതയുടെ വിവിധ പള്ളികളിൽ വചനപ്രഘോഷണങ്ങൾക്കും ധ്യാനങ്ങൾക്കുമായി രൂപതാ നവീകരണ

പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ടീം രൂപീകരിക്കുന്നതാണ്.

4. രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിൽ ഇനി മുതൽ Regional level programme കൾ കൂടുതലായി നടത്തേണ്ടതാണ്. അതനുസരിച്ച്, ഈ വർഷത്തെ വിശ്വാസ പരിശീലന വർഷത്തിന്റെ ഉദ്ഘാടനം മൂന്ന് ഫൊറോനകളിൽ വച്ചായിരിക്കും അടിസ്ഥാനങ്ങളിലാണ് നടത്തുന്നത്.
5. വി. മൂറോൻ വെഞ്ചിരിപ്പ് ഈ മാസം 26-ാം തീയതി നടത്തപ്പെടുന്നു. വൈദികരും സെമിനാരി ദൈവശാസ്ത്ര വിദ്യാർത്ഥികളും സന്യാസ സമൂഹാധികാരികളും കൈക്കാരന്മാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും അതിൽ പങ്കെടുക്കണം.
6. രൂപതയിലെ നവീകൃത "തിരുക്കർമ്മധർമ്മ വിവരം" ഏപ്രിൽ 1-ാം തീയതി മുതൽ നിലവിൽ വരുന്നതാണ്. അതിന്റെ കോപ്പികൾ 15.03.2018 മുതൽ ഗാന്ധിപുരം ബുക്ക് സ്റ്റാളിൽനിന്ന് ലഭിക്കുന്നാണ്.
7. പെസഹാ വ്യാഴാഴ്ചയിലെ കളക്ഷൻ "സെമിനാരി പരിശീലനത്തിനും" ദു:ഖവെള്ളിയാഴ്ചയിലേത് "വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനു"മായി നല്കാൻ ഏപ്രിൽ 15ന് മുമ്പ് ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കണം.
8. യുവജനങ്ങൾക്കും കുട്ടികൾക്കുമായി സമ്മർ ക്യാമ്പ് / ക്ലാസ്സ് സംഘടിപ്പിക്കുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും കുടുംബക്കൂട്ടായ്മാ ഭാരവാഹികളും അവരോട് സഹകരിക്കണം.
9. മാർച്ച് 22ന് മൈനർ സെമിനാരിയിൽ വച്ച് 2 ബ്രദേഴ്സ് ഡീക്കൻപട്ടവും 4 ബ്രദേഴ്സ് കാറോയാ പട്ടവും നമ്മുടെ രൂപതയ്ക്കുവേണ്ടി സ്വീകരിക്കുന്നതാണ്. അവർക്കുവേണ്ടി പ്രാർത്ഥിക്കുക.
10. രൂപതയ്ക്കുവേണ്ടി പുതുതായി വൈദിക, സന്യാസാർത്ഥികളെ ലഭിക്കുവാൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ശ്രമിക്കേണ്ടതാണ്.
11. ഏപ്രിൽ 22 മുതൽ 28 വരെ "രൂപതാ ദൈവവിളി" വാരമായി ആചരിക്കുന്നു. ഏപ്രിൽ 21 മുതൽ 24 വരെ ആൺകുട്ടികൾക്ക് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് നിർമ്മലമാതാ സ്കൂളിലും (കുനിയമുത്തൂർ) ദൈവവിളി ക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്.
12. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽനിന്നുള്ള 10 നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
13. സിബിസിഐ എഡ്യുക്കേഷൻ പോളിസിയെക്കുറിച്ചുള്ള സെമിനാർ മെയ് 26ന് ആവിലാ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതും ഫാ. ജോസഫ് മണിപ്പാടൻ, SDB (Executive Secretary,

Council for Education and Culture) ക്ലാസ്സ് നയിക്കുന്നതുമാണ്. രൂപതാതിർത്തിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ക്രിസ്തീയ സ്റ്റാഫും മറ്റു സ്ഥാപനങ്ങളിലെ രൂപതാംഗങ്ങളായ സ്റ്റാഫംഗങ്ങളും പങ്കെടുക്കണം.

അതുപോലെ ജൂലൈ 21ന് "ഇന്ത്യൻ ഭരണഘടന"യെക്കുറിച്ചുള്ള സെമിനാർ അൽവേർണിയാ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. Adv. Dr. Xavier Arul Raj ക്ലാസ്സും ചർച്ചകളും നയിക്കും. രൂപതാതിർത്തിയിലെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ സ്റ്റാഫംഗങ്ങളും പങ്കെടുക്കണം. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന രൂപതാംഗങ്ങളായ അദ്ധ്യാപക അനദ്ധ്യാപകർക്ക് പങ്കെടുക്കുവാൻ താല്പര്യമുണ്ടെങ്കിൽ ഇടവക വികാരിമാരെ മുൻകൂട്ടി അറിയിച്ചാൽ മതി.

14. രാമനാഥപുരം രൂപതയിലെ വിവാഹസംബന്ധമായവ ഉൾപ്പെടെയുള്ള സഭാപരമായ കേസുകൾ നല്കേണ്ടത് ഇനിമുതൽ രാമനാഥപുരത്താണെന്നുള്ള വിവരം ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു.
15. അടുത്ത സിനഡിന്റെ വിഷയം യുവജനങ്ങളെ കേന്ദ്രീകരിച്ചായതിനാൽ നമ്മുടെ യുവജനങ്ങൾക്ക് അതേപ്പറ്റിയുള്ള അവബോധം നല്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.
16. വാർഷിക കണക്ക് ഓഡിറ്റ് ചെയ്യാൻ അത്യാവശ്യമായ രേഖകൾ പള്ളികളിലും സ്ഥാപനങ്ങളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും നിന്ന് ഏപ്രിൽ 30ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കണം.

തുടർന്ന്, താഴെപറയുന്ന പരിപാടികളുടെ അവലോകന റിപ്പോർട്ട് ബന്ധപ്പെട്ടവർ അവതരിപ്പിച്ചു.

1. സീറോമലബാർ മേജർ എപ്പിസ്കോപ്പൽ സിൽവർ ജൂബിലി - കാക്കനാട് - റോയി പി. തോമസ് (പ്രസിഡന്റ്, പിതൃവേദി)
2. മിഷൻ സെമിനാർ -പി.ഒ.സി. പാലാരിവട്ടം - ജോൺസൺ കെ. ആന്റണി (കൺവീനർ, കുടുംബക്കൂട്ടായ്മ)
3. സീറോമലബാർ മാതൃവേദി നാഷണൽ സെമിനാർ - PACS (Pastoral Animation Centre, Irinjalakuda)
ശ്രീമതി ജെസ്സി സെബാസ്റ്റ്യൻ (സെക്രട്ടറി, മാതൃവേദി)


അടുത്ത പാസ്റ്ററൽ കൗൺസിൽ സമ്മേളനം രൂപതാ ദിനമായി ആചരിക്കുന്നു. ഈ വർഷം പൗരോഹിത്യ-സന്യാസ വിവാഹ ജൂബിലിയാഘോഷിക്കുന്നവരും വിവിധ അവാർഡുകൾക്ക് അർഹരായിട്ടുള്ളതും മെയ് 20ന് മുൻപായി പേരുകളും ബന്ധപ്പെട്ട രേഖകളും രൂപതാ പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി/സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

അജണ്ടാ കമ്മറ്റിയംഗം ശ്രീ. ഫീസ്റ്റി മാമ്പള്ളി നന്ദി രേഖപ്പെടുത്തി. സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റി അംഗം


ശ്രീ. ജോൺസൺ കെ. ആന്റണിയുടെ പ്രാർത്ഥനാ ശുശ്രൂഷയോടും അഭിവന്ദ്യ പിതാവിന്റെ സമാപനശീർവ്വാദത്തോടുകൂടി സമ്മേളനം 5.00pmന് സമംഗളം പര്യവസാനിച്ചു.



**ഫാ. തോമസ് കാവുങ്കൽ**
ജനറൽ സെക്രട്ടറി



**ശ്രീ. ടി. കെ. സിറിയക്**
സെക്രട്ടറി



**ശ്രീമതി ലൗലി ദിവ്യമോൻ**
ജോ. സെക്രട്ടറി

## പാസ്റ്ററൽ കൗൺസിലിന്റെ ചർച്ചാ സഹായി : ക്രോഡീകൃത റിപ്പോർട്ട്

1. യേശുവിന്റെ അന്ത്യ കല്പനയും തോമാശ്ലീഹയുടെ പ്രത്യുത്തരവും രാമനാഥപുരം രൂപതയുടെ അതിർത്തി വികസനത്തിന്റെ പശ്ചാത്തലത്തിൽ നൽകുന്ന സന്ദേശം എന്താണ് ?

- ദൈവത്തെ അടുത്തറിഞ്ഞിട്ടില്ലാത്തവരിലേക്ക് യേശുവിന്റെ സുവിശേഷം എത്തിക്കുക.
- അനേകർക്ക് ജീവിതസാക്ഷ്യം നല്കികൊണ്ട് നല്ല ക്രിസ്ത്യാനികളെ വാർത്തെടുക്കുക.
- യേശുവിന്റെ കല്പന പ്രാവർത്തികമാക്കുവാൻ ഇറങ്ങിത്തിരിച്ച വി. തോമാശ്ലീഹായെ പോലെ, ചിന്നിചിതറി കിടക്കുന്ന സീറോ മലബാർ വിശ്വാസികളെ ഒരുമിച്ച് കൂട്ടുക.
- വി. തോമാശ്ലീഹായുടെ പ്രേഷിത ചൈതന്യത്തോടെ ക്രിസ്തുവിലുള്ള വിശ്വാസം സധൈര്യം പ്രഘോഷിക്കുക.
- എവിടെയായിരുന്നാലും, ഏത് പ്രേഷിത പ്രവർത്തനങ്ങളിലേർപ്പെട്ടാലും, അവിടെയൊക്കെ ക്രിസ്തുവിനെ അറിയാത്ത മക്കളിലേയ്ക്ക് ജീവിത സാക്ഷ്യത്തിലൂടെ, വചന പ്രഘോഷണത്തിലൂടെ, സൽപ്രവർത്തികളിലൂടെ ക്രിസ്തുസന്ദേശം പകർന്നു നല്കുക.
- "നമക്കും അവനോടുകൂടെ പോയി മരിക്കാം" (യോഹ. 11:16) എന്ന ശ്ലീഹായുടെ സാക്ഷ്യത്തിലൂടെ ഈ നാളുകളിൽ പുതിയ സ്ഥലങ്ങളിൽ ശുശ്രൂഷക്കുവേണ്ടി, സുവിശേഷ പ്രഘോഷണത്തിനുവേണ്ടി കടന്നു ചെല്ലാനുള്ള ധീരത നമ്മിൽ നിന്നും സഭ ആവശ്യപ്പെടുന്നു.
- വി. തോമായെ പോലെ സാഹചര്യം അനുകൂലമാണെങ്കിലും, പ്രതികൂലമാണെങ്കിലും വചനം പ്രഘോഷിക്കുക. ഭാഷ

യറിയാതെ, ദേശമറിയാതെ ഈ പ്രദേശത്തേക്ക് കടന്നുവന്ന വി. തോമാശ്ലീഹായെ പോലെ എന്തു ത്യാഗം സഹിച്ചും, കടന്നു ചെല്ലാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു എന്നതാണ് നമുക്ക് ലഭിക്കുന്ന സന്ദേശം.

2. പുതിയ സാഹചര്യത്തിൽ നേതൃത്വം ഏറ്റെടുക്കാനായി ഏറ്റവും, ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമാണ് ? രൂപതയിലെ വൈദികരും സന്യസ്തരും അല്മായരും സ്വീകരിക്കേണ്ട നിലപാട് മാറ്റം എന്ത് ?

- തമിഴ് ഭാഷയിൽ സംസാരിക്കുവാനും എഴുതുവാനും ധാരാളം പേരെ ഒരുക്കുക. അതിനായി രൂപതയുടെ നേതൃത്വത്തിൽ ഭാഷാ പരിശീലനം നല്കുക.
- സഭാ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സീറോ മലബാർ വിശ്വാസികൾ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി സീറോ മലബാർ കൂട്ടായ്മകൾ ആരംഭിക്കുക. അവർക്കുവേണ്ടി വി. ബലിയർപ്പി ക്കുവാൻ വൈദികരെ വിടുക.
- വൈദികരെ, സമർപ്പിതരെ, അല്മായരെ ഉൾപ്പെടുത്തി സുസജ്ജമായ ഒരു ടീം.
- പ്രതിജ്ഞാബദ്ധരായ വൈദികർ, സന്യാസികൾ എന്നിവരുടെ അഭാവം നികത്തുവാനായി, ദൈവവിളികൾ നമ്മുടെ രൂപതയിൽ നിന്നു തന്നെ, നമ്മുടെ ഭവനങ്ങളിൽ നിന്നു തന്നെ ഉണ്ടാകണം. അതിനായി മാതാപിതാക്കൾ മക്കളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
- വ്യത്യസ്ത സാഹചര്യങ്ങളിൽ വസിക്കുന്ന ക്രൈസ്തവ മക്കളെ വിശാല മനസ്സോടെ നാം സ്വീകരിക്കണം. അവരുടെ സംസ്ക്കാര ത്തെ, മനോഭാവങ്ങളെ നാം ഉൾക്കൊള്ളണം. അതിനായി നമ്മുടെ മനോഭാവത്തിൽ മാറ്റം വരുത്തണം.
- സീറോമലബാർ അംഗങ്ങളുടെ സർവ്വേ എടുക്കണം.
- ഈ പുതിയ ജില്ലകളിൽ താമസിക്കുന്ന, നാമറിയുന്ന ബന്ധു ജനങ്ങളുടെ, സ്വന്തങ്ങളുടെ അഡ്രസ്സ് എത്രയും വേഗം സംഘടി പ്പിക്കണം.
- രൂപതയിൽ മിഷൻ പ്രവർത്തനത്തിന് ഊന്നൽ കൊടുത്ത് വൈദിക വിദ്യാർത്ഥികളെ വാർത്തെടുക്കണം.
- അവിടയുള്ള മറ്റു വിശ്വാസികളുമായി നല്ല ആത്മീയ ബന്ധം കാത്തു സൂക്ഷിക്കണം.
- കടന്നു ചെല്ലുന്ന ഓരോ ജില്ലയിലേയും ആവശ്യം കണ്ടറിഞ്ഞ്, അവർക്കാവശ്യമായ പ്രവർത്തന മേഖലകളിൽ നാം ശ്രദ്ധിക്കണം. ഏത് പ്രേഷിതരംഗമാണ് തിരഞ്ഞെടുക്കേണ്ടത് എന്ന് സർവ്വേ നടത്തി കണ്ടെത്തണം. അതിനായി തീക്ഷ്ണതയുള്ള വൈദികരും, സന്യസ്തരും, അല്മായരും ഇറങ്ങിത്തിരിക്കണം. ആളും പണവും ഇതിന് ആവശ്യമാണ്. ഏവരും ചിലവ് ചുരുക്കി രൂപതാ വികസന ത്തിനായി ഒരു നിശ്ചിത തുക ഓരോ വർഷവും മാറ്റിവയ്ക്കണം.

- പുതിയ ജില്ലകളിൽ ഹോം മിഷൻ, Radical living എന്നിവ സംഘടിപ്പിക്കുക.
- സന്യാസ സമൂഹാധികാരികളെ വിളിച്ചുകൂട്ടുകയോ, മേലധികാരി കളെ സന്ദർശിക്കുകയോ ചെയ്ത്, തീക്ഷ്ണതയും, പോകുവാൻ, പ്രവർത്തിക്കുവാൻ ആഗ്രഹമുള്ള 2 പേരെയെങ്കിലും ഓരോ കോൺഗ്രിഗേഷനിൽ നിന്നും സംഘടിപ്പിക്കുക.
- ഓരോ ജില്ലകളിലേക്കും ഓരോ കമ്മിറ്റിയെ നിശ്ചയിക്കുക. ഓരോ ഇടവകയ്ക്കും അതിന്റെ ഉത്തരവാദിത്വം കൊടുക്കുക. അങ്ങനെ 14 ജില്ലകളിലേയും കാര്യങ്ങൾ തീരുമാനിക്കുവാൻ ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കുക.
- പുതുതായി ലഭിച്ചിരിക്കുന്ന പ്രദേശങ്ങളിൽ സെമിനാറുകളും, ക്ലാസ്സുകളും സംഘടിപ്പിച്ച് രൂപതാ പ്രവർത്തനങ്ങളെ വളർത്തുക.

3. പുതിയ സംവിധാനത്തെ ഫലപ്രദമാക്കാൻ ഉണ്ടാകേണ്ട കർമ്മപദ്ധതികൾ ഏതെല്ലാമെന്ന് നിർദ്ദേശിക്കുക?

- സോഷ്യൽ മീഡിയ വഴി നമ്മുടെ രൂപതയെയും അതിന്റെ പ്രവർ ത്തന മണ്ഡലങ്ങളെയും പറ്റി എല്ലായിടത്തും അവബോധം നല്കുക.
- താലൂക്കുകളുടെയും, പഞ്ചായത്തുകളുടെയും സഹായത്തോടെ ഓരോ ജില്ലകളെയും കുറിച്ച് പഠിക്കുക.
- ഓരോ ജില്ലയും, സ്ഥലവും, സന്ദർശിച്ച് അവിടത്തെ റിസോഴ്സ് എന്തൊക്കെയാണ്, ആവശ്യങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് പഠിക്കുക.
- ഓരോ ജില്ലയിലിലും ജീസ്സസ് യൂത്ത്, കരിസ്മാറ്റിക് കൂട്ടായ്മകൾ എന്നിവ ആരംഭിക്കുക. വൈദികരുടെ സഹായത്തോടെ മാസത്തി ലൊരിക്കലെങ്കിലും വി. കുർബാന അർപ്പിക്കാനുള്ള സാഹചര്യം ഒരുക്കുക.
- Radical living community കൾ തുടങ്ങുവാൻ സന്യാസ സമൂഹാധികാരികളുടെ സഹായം തേടുക. രണ്ടു പേരടങ്ങുന്ന ഇത്തരം community കൾ മാറി മാറി ഓരോ ജില്ലയിലും താമസിച്ച് സീറോമലബാർ വിശ്വാസികളെ കണ്ടെത്താൻ പരിശ്രമിക്കുക.
- മിഷൻ പ്രവർത്തനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഒരു വൈദികനെ ഏല്പിക്കുക. ജീസ്സസ് യൂത്തിലുള്ള ദമ്പതികളെ തിരഞ്ഞെടുത്ത് അവരുടെ ഇടയിൽ താമസിപ്പിക്കുക.
- കത്തോലിക്കാ സഭയിലുള്ള മറ്റു സഭകളുമായി പരസ്പരം സഹവർത്തിത്വത്തോടെ പെരുമാറുവാനും സഹായം കൊടുക്കു വാനും, സ്വീകരിക്കുവാനും തയ്യാറാകുക.
- ആ പ്രദേശത്തെ ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി, Social work, Mobile Clinic, House visiting, Counselling എന്നിവ ആരംഭിക്കാവുന്നതാണ്.

4. പ്രദേശം മുഴുവനും ക്രൈസ്തവ സാന്നിധ്യം ഉറപ്പാക്കാൻ വേണ്ടുന്ന Short term plan (രണ്ടുവർഷത്തേക്ക്), Long term plan (പത്ത് വർഷത്തേക്ക്) എന്നിവ ചുരുക്കമായി നിർദ്ദേശിക്കുക.

**Short term plan**

- പുതിയ സ്ഥലത്തെ സീറോമലബാർ വിശ്വാസികളെ കോർത്തിണക്കികൊണ്ട്, അവർ വഴി ആളുകളെ രൂപതയുമായി ബന്ധിപ്പിക്കുക.
- വാടകയ്ക്ക് ഒരു വീടെടുത്ത് അവിടെ വി. കുർബാന അർപ്പിക്കുക. അങ്ങനെ സീറോമലബാർ വിശ്വാസികളെ കണ്ടെത്തുക.
- സ്ഥലങ്ങൾ മനസ്സിൽ കണ്ട് പ്രാർത്ഥിച്ച് ഒരുങ്ങണം.
- ഓരോ ഫൊറോനക്കും അടുത്തുള്ള സ്ഥലങ്ങൾ ഏല്പ്പിച്ചു കൊടുക്കുക. അവർക്ക് ഓരോ ജില്ല ഏല്പ്പിക്കുക.
- മറ്റുള്ള രൂപതകളും സന്യാസ സമൂഹങ്ങളുമായുള്ള കൂട്ടായ്മ ഉണ്ടാക്കുക.
- അത്യാവശ്യമുള്ള സാഹചര്യങ്ങളിൽ സമർപ്പിതരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്ലിനിക്കുകളും ആരംഭിക്കുക.
- നമ്മുടെ സ്ഥാപനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാകണം.
- പ്രദേശം മുഴുവൻ ക്രൈസ്തവ സാന്നിധ്യം ഉറപ്പിക്കാൻ ഒരു വീട് വാടകയ്ക്കെടുത്ത്, സന്യസ്തരെ താമസിപ്പിക്കുക. അങ്ങനെ സീറോ മലബാർ വിശ്വാസികളെ കണ്ടെത്തി അവരെ നമ്മുടെ വീടുകളിലേയ്ക്ക് കൊണ്ടുവരികയോ, അവരുടെ വീടുകൾ അന്വേഷിച്ച് പോവുകയോ ചെയ്യാം.
- ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലമാണെങ്കിൽ അത്യാവശ്യം ചികിത്സ നല്കുന്നതിനായി ഒരു മൊബൈൽ ക്ലിനിക്ക് സ്ഥാപിക്കുക.
- മറ്റ് രൂപതകളിൽ നിന്നും, സന്യാസ സമൂഹങ്ങളിൽനിന്നും ധാരാളം വൈദികരെ രൂപത സ്വീകരിക്കണം. അവരെ വേണ്ടവിധത്തിൽ അംഗീകരിക്കുകയും വേണം.
- ഈ സ്ഥലങ്ങളിലുള്ള വിവിധ കോളേജുകളിൽ വൈദികരേയും സന്യസ്തരേയും പഠിപ്പിക്കാൻ വിടണം.
- മറ്റു രൂപതകളിലും, സന്യാസ സമൂഹങ്ങളിലും പഠിക്കുന്ന സീറോ മലബാർ വൈദികരേും സന്യസ്തരുമായി രൂപത നല്ല ബന്ധം സ്ഥാപിക്കണം.
- മെഡിക്കൽ ഫ്രട്ടേണിറ്റി വഴി വിവിധ സ്ഥലങ്ങളിൽ പുതിയ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

**Long term plan**

- ഓരോ ജില്ലയിലും എല്ലാവർക്കും ഒന്നിച്ചുകൂടുവാനും, അവരുടെ ആത്മീയ ആവശ്യങ്ങളെ നിറവേറ്റുവാനുമായി ഒരു ദൈവാലയം പണിയുക.
- നമ്മുടെ രൂപതയെ കുറിച്ച് അവബോധം നല്കുന്നതിനായി രൂപതയെയും, രൂപതയുടെ പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു മാഗസിൻ ഉണ്ടാക്കി ഏവർക്കും എത്തിക്കുക.

- പ്രേഷിത തീക്ഷ്ണതയോടെ അദ്ധ്വാനിക്കുവാൻ സന്നദ്ധരായ യുവജനങ്ങളെ കണ്ടെത്തി അവരെ ഈ ഉദ്ദേശ്യത്തിനായി ഒരുക്കുക.
- ഏതെങ്കിലും ഒരു ഭവനത്തിൽ ദിവ്യബലിയർപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കുകയും, ആഴ്ചയിൽ ഒരു ദിവസം അവിടെ എല്ലാവരും ഒന്നുചേർന്ന് ദിവ്യബലിയർപ്പിക്കുകയും ചെയ്യുക.
- നിലവിലുള്ള ഇടവകകളിൽനിന്ന് തീക്ഷ്ണതയുള്ള കുറച്ച് പേരടങ്ങുന്ന ഒരു ഗ്രൂപ്പിനെ സംഘടിപ്പിച്ച് അവിടുത്തെ ജനങ്ങളുടെ ഇടയിൽ പ്രവർത്തനമാരംഭിക്കുക. കുടിൽ വ്യവസായങ്ങൾ, കൈത്തൊഴിലുകൾ ആരംഭിക്കുക.
- നമ്മുടെ സാന്തോം സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ പുതിയ ഈ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുക.
- സർക്കാർ സംവിധാനങ്ങളും എൻജിഒ കളും തമ്മിലുള്ള കൂട്ടായ സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കുക.
- ഓരോ സ്ഥലത്തേയും അധികാരികളെ കണ്ടെത്തി, കോളേജ്, സ്കൂൾ എന്നിവയെ സമീപിച്ച്, അവരുമായി ബന്ധപ്പെട്ട് മാതാപിതാക്കളെ കണ്ടെത്തുക.
- സന്യാസ ഭവനങ്ങൾ പുതിയ ജില്ലകളിലേക്ക് വ്യാപിപ്പിക്കുക.
- നല്ല പ്രൊജക്ടുകളുടെ സഹായത്തോടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- മറ്റു മിഷൻ രൂപതകളിൽ എങ്ങനെ കർമ്മപദ്ധതികൾ നടപ്പിലാക്കിയെന്ന് അന്വേഷിക്കുക.
- ഇപ്പോൾ മറ്റു റീത്തിലുള്ള രൂപതകളിൽ ഉദാഹരണത്തിന് ലത്തീൻ, മലങ്കര രൂപതകളിൽ അംഗമായിരിക്കുന്ന സീറോ മലബാർ വിശ്വാസികളെ നമ്മൾ ഒന്നിപ്പിക്കുമ്പോൾ ആ രൂപതകൾക്ക് നീരസം ഉണ്ടാകാത്ത വിധത്തിൽ വേണം പ്രവർത്തിക്കുവാൻ.

5. മറ്റുള്ള രൂപതകളും സന്യാസ സമൂഹങ്ങളുമായുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ 14 ജില്ലകളിലും - താലൂക്കുകളിലും പഞ്ചായത്തുകളിലുമായി കർമ്മപദ്ധതി എപ്രകാരം ഫലപ്രദമായി ക്രോഡീകകരിക്കാം.

- മറ്റു രൂപതകളിലെ പിതാക്കന്മാരും വൈദികരും സന്യസ്തരുമായി നല്ല ഒരു സൗഹൃദബന്ധം പുലർത്തി അവരുടെ സഹായത്തോടു കൂടി ഒരുമിച്ച് പ്രവർത്തിക്കുവാൻ പരിശ്രമിക്കുക.
- വിശ്വാസികളുടെ വിവരങ്ങളറിയാൻ കമ്മിറ്റി രൂപീകരിക്കുക.
- വിവിധ മേഖലകളായി തിരിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
- മറ്റു ഇതര സഭകളുമായി ബന്ധം സ്ഥാപിക്കണം, ഔദ്യോഗിക തലങ്ങളുമായി ബന്ധം ഉണ്ടാകണം. ഫിയാത്ത് മിഷൻ, കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പ് ഇവരെ ക്ഷണിച്ച് പ്രാർത്ഥനാ ശുശ്രൂഷക്ക് നേതൃത്വം നല്കുക.

- സാന്തോം സോഷ്യൽ സർവ്വീസ് മറ്റ് രൂപതകളുമായി ആലോചിച്ച് Awarness Camp കൾ നടത്തുക.
- ഗവൺമെന്റ് സ്കീമുകൾ ആളുകൾക്ക് നല്കുവാൻ ശ്രമിക്കണം.
- സഭയിലും, രൂപതയിലും ഭിന്നിപ്പുകളും പിളർപ്പുകളും ഇല്ലായ്മ ചെയ്ത് ഇറങ്ങിയാലേ ലോകം നമ്മെയും സ്വീകരിക്കൂവെന്ന് മറക്കാതിരിക്കാം.
- മറ്റ് ക്രൈസ്തവസഭകളുടെ സാന്നിദ്ധ്യത്തെ പറ്റി മനസ്സിലാക്കുകയും അവരുമായി ഒന്നുചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക. തിരുനാളുകൾ, കുരിശിന്റെ വഴി, പ്രദക്ഷിണം എന്നീ കൂട്ടായ്മകളിലേക്ക് അവരെയും ക്ഷണിക്കുക.

**ഫാ. തോമസ് കാവുങ്കൽ**
ജനറൽ സെക്രട്ടറി

**ശ്രീ. ടി. കെ. സിറിയക്**
സെക്രട്ടറി

**ശ്രീമതി ലൗലി ദിവ്യമോൻ**
ജോ. സെക്രട്ടറി

## SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the Ist Pastoral Council | 29th April 2010 |
| Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |

| | |
|---|---|
| Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| Erection of the Parish Udumalpet | 07 Jan. 2012 |
| Starting of the Dharapuram Mission | 4th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 03rd Eparchial day | 8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |
| Consecration of the Good Shepherd Church, Karamadai | 20th January 2013 |
| Starting of Vadavally Mission | 10th February 2013 |
| Starting of Ettimada Mission | 17th February 2013 |
| Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| Starting of Sowripalayam Mission | 20th October 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| "Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| Laying Foundation Stone for the Community hall at "Rosary Garden" (RNM) | 11th Aug 2015 |
| Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| Formal blessing & inauguration of St. Mary's Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| Opening of the "Door of Divine Mercy" at Cathedral | 13th Dec 2015 |
| 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| Blessing of the first phase of the Mother Theresa Peace Home Tirupur (By Bishop Paul Alappatt) | 11th Feb 2016 |
| Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) | 23rd May 2016 |
| Blessing of the grotto, Kindergarten section & Kids park, at | |

| | |
|---|---|
| St. Joseph's school, Jadayampalayam (Bishop Paul Alappatt) | 07-6-2016 |
| Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) | 09-6-2016 |
| The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram | 09-10-2016 |
| Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| First Eparchial Convention of Catholica Congress | 20-11-2016 |
| Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 4th Pastoral Council | 18-06-2017 |
| Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 8th Eparchial Day | 02-07-2017 |
| Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |

## The first meeting of the Syro-Malabar faithful with Bishop Paul Alappatt at Dindigal

